(INDIAN THOZHILALY ONLINE MAGAZINE)
www.indianthozhilaly.com

# ഇന്ത്യൻ തൊഴിലാളി

അധ്വാന വർഗ്ഗത്തിന്റെ അക്ഷര വസന്തം

ലക്കം 3
07 ഏപ്രിൽ 2026
മാസിക,
തിരുവനന്തപുരം

ELECTION SPECIAL 2026

## കേരളത്തിൽ യു.ഡി.എഫ് തരംഗം

## ഡബിൾ ഹാട്രിക്കിന് സതീശനും ചെന്നിത്തലയും



## ആറൻമുളയിൽ ആരോഗ്യമന്ത്രി വിയർക്കുന്നു

## വട്ടിയൂർക്കാവിൽ മുരളീധരൻ തന്നെ

# കേരളം ജയിക്കും യു.ഡി.എഫ് നയിക്കും



# പ്രചാരണാന്ത്യം ഇടത് പ്രോഗ്രസ്സ് കാർഡ്

## 0/100

**13 മന്ത്രിമാർക്ക് കനത്ത വെല്ലുവിളി:**

എം.ബി. രാജേഷ്, വി. അബ്ദുറഹിമാൻ, പി.എ. മുഹമ്മദ് റിയാസ്, പി. രാജീവ്, റോഷി അഗസ്റ്റിൻ, കടന്നപ്പള്ളി രാമചന്ദ്രൻ, എ.കെ. ശശീന്ദ്രൻ, വി. ശിവൻകുട്ടി, കെ.ബി. ഗണേഷ് കുമാർ, കെ.എൻ. ബാലഗോപാൽ, വീണാ ജോർജ് എന്നിവർക്ക് മുന്നേറ്റമില്ല.

**പേരാവൂരിൽ സണ്ണി ജോസഫ് വിജയം ഉറപ്പിച്ചു**

കെ കെ ശൈലജക്കു സ്വന്തം പാർട്ടിയുടെ ഇരുട്ടടി

---

ഇടത് പ്രകടന പത്രിക അബദ്ധ പഞ്ചാംഗമായിപിണറായിക്ക് തോമസ് ഐസക്ക് കൊടുത്ത പണി

---

ട്വന്റി ട്വന്റി യിൽ കലാപം എൻ .ഡി .എ ആശങ്കയിൽ

---

പയ്യന്നൂർ രക്തസാക്ഷി ഫണ്ട് തട്ടിപ്പ് സി.പി.എമ്മിന് തിരിച്ചടിയായി. എൽ.ഡി.എഫ് വിട്ടുവന്ന് യു.ഡി.എഫ് സ്ഥാനാർത്ഥികളായി മത്സരിക്കുന്ന ജി. സുധാകരനും ഐഷാപോറ്റിയും പി.കെ. ശശിയും മറ്റും മുന്നേറുന്നു.

---

സി.പി. എമ്മിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തുടരുന്നു.

---

സി.പി.എമ്മിൽ വലിയൊരു വിഭാഗം തുടർഭരണം വേണ്ട എന്ന നിലപാടിൽ ഉറച്ചു നിൽക്കുന്നു.

---

തൃശ്ശൂരിലെ ഭക്ഷ്യക്കിറ്റും ആലപ്പുഴയിലെ സാരിവിതരണവും ബി.ജെ.പിയെ വെട്ടിലാക്കി.

(INDIAN THOZHILALY ONLINE MAGAZINE)

# ഇന്ത്യൻ തൊഴിലാളി

അധ്വാന വർഗ്ഗത്തിന്റെ അക്ഷര വസന്തം

www.indianthozhilaly.com

## ഉൾപ്പേജുകളിൽ


പിണറായി വിലാസം മന്ത്രിസഭ
**ഒരു ഫ്ളാഷ് ബാക്ക്**
മീര നായർ ........ 08

ഡബിൾ ഹാട്രിക്ക് നേടാൻ
**സതീശനും ചെന്നിത്തലയും**
ആർ.എം. പരമേശ്വരൻ ........ 10

അരൂരിന്റെ
**സ്വന്തം ഷാനിമോൾ**
ജോസഫ് സെൽവ ........ 16

ആറൻമുളയിൽ
ആരോഗ്യമന്ത്രി
**വിയർക്കുന്നു**
അജിൻ പി. വർഗീസ് ........ 18

വോട്ട് എണ്ണും മുൻപേ
**പിഷാരടിക്ക് ലീഡ്**
സുമ കൊല്ലങ്കോട് ........ 20

പൊന്നാനിയെ പൊന്നു പോലെ
നോക്കാൻ
**കെ.പി. നൗഷാദലി**
എ.എം. ഷാജഹാൻ ........ 22

റിട്ടയർമെന്റ്
**വേണ്ട**
ബി.എസ് ബാലചന്ദ്രൻ ........ 24

അൻവർ വരും
**ബേപ്പൂരും മാറും** ........ 26



06
**കേരളത്തിൽ**
**യു.ഡി.എഫ് തരംഗം**
ആരതി സുബാഷ്



**മൂന്നാമൂഴത്തിലും**
**മുരളീധരന്**
**മുന്നേറ്റം** 12
കടവിള ഷാജി



14
**ആലപ്പുഴ**
**ജില്ലയിലാകെ**
**അമ്പലപ്പുഴ 'ഇഫക്ട്'**
പി. സുധാകരൻ


Download Copy

ലക്കം 3
07 ഏപ്രിൽ 2026
മാസിക, തിരുവനന്തപുരം

ഇന്ത്യൻ തൊഴിലാളി
അധ്വാന വർഗ്ഗത്തിന്റെ അക്ഷര വസന്തം

മാനേജിംഗ് എഡിറ്റർ
**ആർ. എം. പരമേശ്വരൻ**

ചീഫ് എഡിറ്റർ
**ചിങ്ങന്നൂർ മനോജ്**

അസ്സോസിയേറ്റ് ചീഫ് എഡിറ്റർ
**കെ. പി. ഹരിദാസ്**

എക്സിക്യൂട്ടിവ് എഡിറ്റർ
**കടവിള ഷാജി**

കോർഡിനേറ്റർ
**പി. സുധാകരൻ**

ജനറൽ മാനേജർ
**ജി. അനിൽ കുമാർ**

എഡിറ്റോറിയൽ ബോർഡ്
**എ. എം ഷാജഹാൻ**
**സിയാദ് മാലങ്ങാടൻ**
**വി.പി. ജോർജ്**
**പി.ടി. ജോൺ**
**വർഗ്ഗീസ് ജോസഫ്**
**കൊച്ചുത്രേസ്യാ ജോയി**
**ഷീലാ വേണുഗോപാൽ**
**പി.എം റെജിമോൻ**

അഡ്വൈസറി ബോർഡ് ചെയർമാൻ
**കല്ലംപള്ളി കൃഷ്ണൻ നായർ**

അഡ്വൈസറി ബോർഡ്
**മീര നായർ**
**വി.ടി. നന്ദകുമാർ**
**കായംകുളം യൂനുസ്സ്**

കവർ ഡിസൈൻ & പേജ് ലേ-ഔട്ട്
**രാഹുൽ. കെ. ആർ**

ടൈപ്പ് സെറ്റിംഗ്
**മായ. ഡി**

**ഇ-മെയിൽ: indianthozhilaly@gmail.com**

Follow us on
indianthozhilaly indianthozhilaly



ചീഫ് എഡിറ്റർ എഴുതുന്നു

### കോൺഗ്രസ് ഹൈക്കമാൻഡിന് നന്ദി

# ഐ.എൻ.ടി.യു.സിക്ക് 11 സ്ഥാനാർത്ഥികൾ

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥി നിർണ്ണയത്തിൽ ഐ ഐ എൻ.ടി.യു.സിക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചതിൽ "ഇന്ത്യൻ തൊഴിലാളി"ക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്. അത്യന്തം അഭിമാനകരവും അതിലേറെ ആത്മനിർവൃതി പകരുന്നതുമായ ഒരു തീരുമാനം തന്നെയാണിത്. കോൺഗ്രസ് ഹൈക്കമാൻഡിനും കെ.പി.സി.സിക്കും നിസ്സീമമായ നന്ദി രേഖപ്പെടുത്തട്ടെ.

മിക്ക തെരഞ്ഞെടുപ്പുകളിലും കോൺഗ്രസ് അതിന്റെ ബഹുജന സംഘടനകളിൽ പ്രവർത്തിക്കുന്നവർക്ക് മതിയായ പ്രാതിനിധ്യം നൽകിയിട്ടുണ്ട്. അപൂർവ്വം സന്ദർഭങ്ങളിൽ സാഹചര്യങ്ങളുടെ സമ്മർദ്ദം കാരണം അതിന് കഴിയാതെ പോയതും വിസ്മരിക്കാൻ കഴിയുന്നതല്ല. പക്ഷെ ഇപ്രവാശ്യം എല്ലാ ബഹുജന സംഘടനകൾക്കും അവർ പ്രതീക്ഷിക്കുന്ന പരിഗണന ലഭിച്ചു എന്നത് ചെറിയ കാര്യമല്ല. നേതാക്കന്മാർക്ക് കീഴ്ഘടകങ്ങളോടുള്ള കരുതൽ തന്നെയാണ് ഇത് സൂചിപ്പിക്കുന്നത്. സ്വന്തം ഭാര്യയ്ക്കും സഹോദരിക്കുമൊക്കെ സീറ്റ് ഒപ്പിച്ചു കൊടുക്കാൻ സീനിയർ നേതാക്കളെ പാടെ തഴയുന്ന എതിർപക്ഷക്കാർക്ക് ഇതൊരു പാഠം തന്നെയാണെന്ന് പറയാതിരിക്കാനാവില്ല. ഒരുകാലത്ത് ഇടതുപക്ഷത്തിന്റെ മഹാരഥന്മാരായിരുന്ന ഒരു പിടി നേതാക്കൾക്ക് യു.ഡി. എഫ് ഇപ്പോൾ പിന്തുണ നൽകുന്നുവെന്നത് എത്രത്തോളം മഹത്തരമായ നടപടിയാണെന്ന് കാലം തെളിയിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ഒരുകാലത്ത് കോൺഗ്രസ്സിന്റെ തേരുതെളിച്ച നേതാക്കന്മായിരുന്നു കെ. കരുണാകരനും സി.എം. സ്റ്റീഫനും, ഉമ്മൻചാണ്ടി,യും എസ്. വരദരാജൻ നായരുമൊക്കെ. അവർ രാഷ്ട്രീയമായി പിച്ചവെച്ചു തുടങ്ങിയത് ഐ.എൻ.ടി.യു. സിയിലൂടെയായിരുന്നു. ട്രേഡ് യൂണിയൻ പ്രവർത്തനം അവരുടെ രാഷ്ട്രീയ മുന്നേറ്റത്തിന് വഴിമരുന്നായി. അവർ സീറ്റുകൾ തേടി പോയില്ല. സീറ്റുകൾ അവരെ തേടി വരുകയായിരുന്നു. കീഴ്വഴക്കം നില നിർത്താൻ തൊഴിലാളി നേതാക്കൾക്ക് കഴിയണം അപ്പോൾ അർഹമായ പ്രാതിനിധ്യം സ്വാഭാവികമായും ഉറപ്പാകും.



Download Copy

# സഭയിൽ കാണാം



അഡ്വക്കേറ്റ് വി.ഡി. സതീശൻ



കെ. മുരളീധരൻ



വി. എസ് ശിവകുമാർ



വർക്കല കഹാർ



ടി. ശരത് ചന്ദ്ര പ്രസാദ്



അഡ്വക്കേറ്റ് സിറിയക് തോമസ്



സേനാപതി വേണു



റോയി കെ. പൗലോസ്



ആര്യാടൻ ഷൗക്കത്ത്



പി.സി. വിഷ്ണുനാഥ്



എം. വിൻസെന്റ്

ഐ.എൻ.ടി.യു.സിയുടെ നേതാക്കളായ വർക്കല കഹാർ, ടി. ശരത് ചന്ദ്ര പ്രസാദ്, അഡ്വക്കേറ്റ് സിറിയക് തോമസ്, സേനാപതി വേണു, റോയി കെ. പൗലോസ്, നിരവധി യൂണിയനുകളുടെ പ്രസിഡന്റുമാരായ അഡ്വക്കേറ്റ് വി.ഡി. സതീശൻ, കെ. മുരളീധരൻ, ആര്യാടൻ ഷൗക്കത്ത്, പി.സി. വിഷ്ണുനാഥ്, എം. വിൻസെന്റ്, വി. എസ് ശിവകുമാർ എന്നിവരാണ് ഐ.എൻ.ടി.യു.സി പ്രതിനിധികൾ. ഇവരുടെ മണ്ഡലങ്ങളിൽ ഇഞ്ചോടിഞ്ച് പോരാട്ടമാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. അവരുടെ വിജയം ഉറപ്പിക്കാൻ ഓരോ ഐ.എൻ.ടി.യു.സി പ്രവർത്തകരും കൈയും മെയ്യും മറന്ന് പ്രവർത്തിക്കേണ്ടതാണ്.

പ്രാതിനിധ്യം നേടിയെടുത്താൽ മാത്രം പോരാ, പോരാടി ജയിക്കാനും കഴിയണം. ഇനിയുള്ള മണിക്കൂറുകൾ അതിന് വേണ്ടിയുള്ളതായിരിക്കട്ടെ.

വിജയാശംസകൾ.

ചിങ്ങന്നൂർ മനോജ്

Download Copy

# കേരളത്തിൽ യു.ഡി.എഫ് തരംഗം



ആരതി സുബാഷ്
രാഷ്ട്രീയ നിരീക്ഷക

- സി.പി.എമ്മിന് മൂന്ന് ഡീലുകൾ:
- തോൽവി ഉറപ്പായ മണ്ഡലങ്ങളിൽ ബി.ജെ.പി വോട്ട് എൽ.ഡി.എഫിന്.
- 103 മണ്ഡലങ്ങളിൽ എൽ.ഡി.എഫിന് എസ്.ഡി.പി.ഐ പിന്തുണ.
- 140 മണ്ഡലങ്ങളിലും പി.ഡി.പി പിന്തുണ എൽ.ഡി.എഫിന്.



Download Copy

തദ്ദേശ തെരഞ്ഞെടുപ്പിൽ ആഞ്ഞടിച്ച യു.ഡി.എഫ് കാറ്റ് നിയമസഭാ തെരഞ്ഞെടുപ്പിൽ തരംഗമായി മാറുന്നു. പ്രചാരണത്തിന്റെ രണ്ടാം ഘട്ടത്തിലേക്ക് കടക്കുമ്പോൾ മധ്യകേരളത്തിലും മലബാറിലും യു.ഡി.എഫ് തൂത്തുവാരുമെന്ന് ഉറപ്പായി. എൽ.ഡി.എഫിന് ചില പച്ചത്തുരുത്തുകൾ കാണാൻ കഴിയുന്നത് ചില തെക്കൻ ജില്ലകളിൽ മാത്രമാണ്. ബി.ജെ.പിയുമായും എസ്.ഡി.പി.ഐയുമായും പി.ഡി.പിയുമായുമൊക്കെയുള്ള ഡീലുകള‌ിൽ വിശ്വാസമർപ്പിച്ചിരിക്കുകയാണ് എൽ.ഡി.എഫ്. എന്നാൽ ഇതേ ഡീലുകൾ തന്നെയാണ് എൽ.ഡി.എഫിന്റെ തകർച്ചയ്ക്ക് വഴിയൊരുക്കുന്നതെന്ന് യു.ഡി.എഫ് ചൂണ്ടിക്കാണിക്കുന്നു. ഇതുവരെ നടന്ന ഇലക്ഷൻ സർവേകളെല്ലാം യു.ഡി.എഫിന്റെ വരവിലേക്കാണ് വിരൽചൂണ്ടുന്നത്.

എസ്.ഡി.പി.ഐ മത്സരിക്കാത്ത 103 മണ്ഡലങ്ങളിൽ എൽ.ഡി.എഫിന് പിന്തുണ നൽകും. പക്ഷെ ഇക്കാര്യം പരസ്യമായി പ്രഖ്യാപിക്കില്ല, ഒളിച്ചുകളിയാണെന്ന് വ്യക്തം. നേമത്ത് ഇടത് സ്ഥാനാർത്ഥി വി. ശിവൻകുട്ടിയെ പിന്താങ്ങുമെന്ന് മാത്രമാണ് എസ്.ഡി.പി.ഐ തുറന്ന് പറഞ്ഞിട്ടുള്ളത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലും പിന്തുണ ശിവൻകുട്ടിക്കായിരുന്നു.

രാഷ്ട്രീയ മര്യാദ കാണിച്ച് 103 മണ്ഡലങ്ങളിൽ നൽകുന്ന പിന്തുണ പരസ്യമാക്കി സി.പി.എമ്മിനെയും മുന്നണിയെയും പ്രതിസന്ധിയിലാക്കേണ്ടെന്ന ചിന്തയാണ് എസ്.ഡി.പി.ഐയ്ക്കുള്ളത്. മുഖ്യമന്ത്രി പിണറായി വിജയൻ എസ്.ഡി.പി.ഐയുടെ വോട്ട് വേണമെന്ന് പരസ്യമായി പറയാത്തത് എസ്.ഡി.പി.ഐയെ അനുകൂലമായി കാണുന്നു. ഞായറാഴ്ച നടന്ന പത്രസമ്മേളനത്തിൽ ആവർത്തിച്ച് ചോദ്യങ്ങൾ ഉയർന്നെങ്കിലും മുഖ്യമന്ത്രി എസ്.ഡി.പി.ഐയെ തള്ളിപ്പറയാൻ തയ്യാറായില്ല. വോട്ട് വേണ്ടെന്ന് മുഖ്യമന്ത്രി പറയാതിരുന്നതിനെ എസ്.ഡി.പി.ഐ സംസ്ഥാന പ്രസിഡന്റ് സി.പി.എ ലത്തീഫ് സ്വാഗതം ചെയ്യുകയും ചെയ്തു.

എസ്.ഡി.പി.ഐ മത്സരിക്കാത്ത 103 മണ്ഡലങ്ങളിൽ എൽ.ഡി.എഫിന് പിന്തുണ നൽകും. പക്ഷെ ഇക്കാര്യം പരസ്യമായി പ്രഖ്യാപിക്കില്ല, ഒളിച്ചുകളിയാണെന്ന് വ്യക്തം. നേമത്ത് ഇടത് സ്ഥാനാർത്ഥി വി. ശിവൻകുട്ടിയെ പിന്താങ്ങുമെന്ന് മാത്രമാണ് എസ്.ഡി.പി.ഐ തുറന്ന് പറഞ്ഞിട്ടുള്ളത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലും പിന്തുണ ശിവൻകുട്ടിക്കായിരുന്നു.

തദ്ദേശ ഭരണ തെരഞ്ഞെടുപ്പിന് ശേഷം പത്തനംതിട്ട, തൃശൂർ ജില്ലകളിലെ ചില പഞ്ചായത്തുകളിൽ ബി.ജെ.പി ഭരണം പിടിക്കുന്നത് തടയാൻ എസ്.ഡി.പി.ഐ അംഗങ്ങൾ യു.ഡി.എഫിന് വോട്ട് ചെയ്തിരുന്നു. എന്നാൽ അതിന്റെ പേരിൽ യു.ഡി.എഫ് പ്രതിനിധികൾ രാജിവെച്ചു. അത് വലിയ അവഹേളനമായി അവർ കാണുന്നു. വോട്ട് വേണ്ടെന്ന നിലപാട് ഈ തെരഞ്ഞെടുപ്പിലും യു.ഡി.എഫ് തുടർന്നതോടെയാണ് പിന്തുണയ്ക്കേണ്ടതില്ലെന്ന് എസ്.ഡി.പി.ഐ തീരുമാനിച്ചത്.

മലപ്പുറത്ത് എട്ടും എറണാകുളത്ത് ആറും പാലക്കാട് അഞ്ചും തൃശൂരിലും കണ്ണൂരിലും നാല് വീതവും സീറ്റുകളിൽ എസ്.ഡി.പി.ഐ സ്വന്തം സ്ഥാനാർത്ഥികളെ മത്സരിപ്പിക്കുന്നുണ്ട്. തിരുവനന്തപുരത്ത് രണ്ടും കൊല്ലത്തെ മൂന്നും കോട്ടയം, ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിലെ ഓരോ സീറ്റിലും മത്സരിക്കുന്നു. ആകെ 36 സ്ഥാനാർത്ഥികൾ. ഇവരിൽ ആർക്കെങ്കിലും എൽ.ഡി.എഫിന്റെ പിന്തുണയുണ്ടോ എന്ന് വ്യക്തമല്ല. എന്നാൽ മത്സരിക്കാത്ത 103 മണ്ഡലങ്ങളിൽ എൽ.ഡി.എഫ് സ്ഥാനാർത്ഥികളെ എസ്.ഡി.പി.ഐ പിന്തുണയ്ക്കും.

എസ്.ഡി.പി.ഐയുടെ തെരഞ്ഞെടുപ്പ് ചിഹ്നം കത്രികയാണ്. മലപ്പുറം ജില്ലയിൽ മത്സരിക്കുന്ന മൂന്ന് എൽ.ഡി.എഫ് സ്ഥാനാർത്ഥികളുടെ ചിഹ്നവും കത്രികയാണ്. എസ്.ഡി.പി.ഐ – ഇടത് ഡീലിന് ഉദാഹരണമാണിത്. ബി.ജെ.പിയുമായുള്ള ഡീൽ നിലനിർത്തിക്കൊണ്ടുതന്നെയാണ് പുതിയ ഡീലിൽ സി.പി.എം ഏർപ്പെട്ടിരിക്കുന്നത്. എന്ത് വിലകൊടുത്തും ഭരണത്തുടർച്ച ഉറപ്പാക്കുക മാത്രമാണ് ലക്ഷ്യം.

കാസർഗോഡ്, മഞ്ചേശ്വരം, പാലക്കാട്, റാന്നി, കോന്നി, ഏറ്റുമാനൂർ എന്നിവയാണ് സി.പി.എം – ബി.ജെ.പി ഡീലിൽ ഉൾപ്പെട്ടിട്ടുള്ള മണ്ഡലങ്ങൾ. തദ്ദേശ വോട്ട് കണക്കനുസരിച്ച് മഞ്ചേശ്വരത്ത് യു.ഡി.എഫ് 67,000, എൽ.ഡി.എഫ് 41,000, എൻ.ഡി.എ 47,000. എൽ.ഡി.എഫിന്റെ വോട്ടുകൾ ഭിന്നിപ്പിച്ച് ബി.ജെ.പിക്ക് നൽകും എന്നതാണ് ഡീൽ. മറ്റ് അഞ്ച് മണ്ഡലങ്ങളിലും ഇതേ രീതിയിലുള്ള ഡീലുകൾ ഉറപ്പിച്ചിട്ടുണ്ട്.

സി.പി.എമ്മിന് ബി.ജെ.പിയുമായുള്ള ഡീൽ ആറ് മണ്ഡലങ്ങളിലാണെങ്കിൽ എസ്.ഡി.പി.ഐയുമായുള്ള ഡീൽ 103 മണ്ഡലങ്ങളിലാണ്. ഇതിനെല്ലാം പുറമെ അബ്ദുൾ നാസർ മദനിയുടെയും പി.ഡി.പി.യുടെ പിന്തുണയും എൽ.ഡി.എഫിനാണ്.

Download Copy

നേരും നെറിയും കെട്ട
നീതിയും ന്യായവുമില്ലാത്ത
പത്തു വർഷങ്ങൾ...



മീര നായർ

# പിണറായി വിലാസം മന്ത്രിസഭ

# ഒരു ഫ്ളാഷ് ബാക്ക്

സഖാക്കൾക്ക് വേണ്ടി സഖാക്കളാൽ സഖാക്കൾ നടത്തിയ ഒരു പൊറാട്ടു നാടകമായിരുന്നു കഴിഞ്ഞ പത്തു വർഷങ്ങളിൽ നാം കണ്ടു കൊണ്ടിരുന്നത്. പിണറായി വിലാസം മന്ത്രിസഭ എന്നായിരുന്നു അതിന്റെ പേര്. ജനങ്ങൾ വെറും മാപ്പുസാക്ഷിയായി എല്ലാം കണ്ടു നിന്നു. അധികാരം കൈയിലുണ്ടെങ്കിൽ കമ്മ്യൂണിസ്റ്റുകാർ എത്രത്തോളം നീചന്മാരായി മാറുന്നു!



Download Copy

സഖാക്കൾക്ക് വേണ്ടി സഖാക്കളാൽ സഖാക്കൾ നടത്തിയ ഒരു പൊറാട്ടു നാടകമായിരുന്നു കഴിഞ്ഞ പത്തു വർഷങ്ങളിൽ നാം കണ്ടു കൊണ്ടിരുന്നത്. പിണറായി വിലാസം മന്ത്രിസഭ എന്നായിരുന്നു അതിന്റെ പേര്. ജനങ്ങൾ വെറും മാപ്പുസാക്ഷിയായി എല്ലാം കണ്ടു നിന്നു. അധികാരം കൈയിലുണ്ടെങ്കിൽ കമ്മ്യൂണിസ്റ്റുകാർ എത്രത്തോളം നീചന്മാരായി മാറുന്നു! തൊഴിൽ തേടുന്ന യുവജനങ്ങളുടെ വിങ്ങലും തേങ്ങലും അവർ കണ്ടില്ല. അവർക്കൊപ്പമല്ല, അവൻമാർക്കൊപ്പമാണ് സർക്കാർ. മന്ത്രിയുടെ ഭാര്യ നൽകിയ പീഡന പരാതി പോലും പരിഗണിച്ചില്ല. ശബരിമലയിലെ സ്വർണ്ണം കട്ടതിൽ പ്രതികളാകേണ്ടിയിരുന്നവർ ഇപ്പോൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നു.

1. മാർക്സിസ്റ്റ് സഖാക്കൾക്ക് വേണ്ടി മാർക്സിസ്റ്റ് മുഖ്യമന്ത്രി നടത്തിയ മാർക്സിസ്റ്റ് പൊറാട്ടു നാടകമായിരുന്നു 'പിണറായി വിലാസം മന്ത്രിസഭ'. അതിന് ജനങ്ങളുമായി പുലബന്ധം പോലും ഉണ്ടായിരുന്നില്ല. ജനങ്ങൾ പത്തു വർഷം മാപ്പു സാക്ഷിയായി എല്ലാം കണ്ടു നിന്നു.

2. വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്ന പട്ടിണി പാവങ്ങളെ വികസനം പഠിപ്പിക്കുകയാണ് സർക്കാർ. 'ദീപങ്ങളൊക്കെ കെടുത്തീ ഞാൻ പ്രാർത്ഥിച്ചു... ദീപമേ നയിച്ചാലും' എന്ന ഒ.എൻ.വി കവിത പോലെ.

3. 'വികസനമൊന്നും ഉണ്ടായില്ല' എന്ന് പറയാനാവില്ല. എന്തെന്നാൽ കുറെ കുട്ടിസഖാക്കൾക്ക് വികസനമുണ്ടായി. സഖാക്കൾ പലരും ദന്തഗോപുര നിവാസികളായത് ചെറിയ കാര്യമല്ലല്ലോ.

4. അധികാരം കൈയിലുണ്ടെങ്കിൽ കമ്മ്യൂണിസ്റ്റുകാർ എത്രത്തോളം ബൂർഷ്വാകളും സമര വിരോധികളുമാണെന്ന് കേരളം കണ്ടറിഞ്ഞു. ആശയറ്റ ആശാപ്രവർത്തകരെ തൊഴിലാളി പദം നൽകി അംഗീകരിക്കാൻ എന്ത് തടസ്സമാണുണ്ടായിരുന്നത്?

5. ചോര കൊണ്ടെഴുതിയ പ്ളക്കാർഡുകളുമായി മാസങ്ങളോളം സമരം ചെയ്ത പി.എസ്.സി റാങ്ക് ജേതാക്കളോട് കാണിച്ച ക്രൂരത മറക്കാറായിട്ടില്ല. ഒന്നാം റാങ്ക് കിട്ടിയവർക്ക് പോലും നിയമനം നൽകിയില്ല. അതേസമയം ലക്ഷക്കണക്കിന് കുട്ടിസഖാക്കളെ പിൻവാതിൽ വഴി നിയമിച്ചു. മന്ത്രിസഭയുടെ അവസാന നാളുകളിൽ അവരെ സ്ഥിരപ്പെടുത്താനുള്ള നടപടികൾ തകൃതിയായി നടക്കുന്നു. തൊഴിൽ തേടുന്ന യുവതയുടെ വിങ്ങലും തേങ്ങലും ഇവർ കാണുന്നില്ല.

6. അവർക്കൊപ്പമല്ല, അവൻമാർക്കൊപ്പമാണ് ഈ സർക്കാർ. മന്ത്രിയുടെ ഭാര്യയ്ക്ക് പോലും നീതി കിട്ടുന്നില്ല. മന്ത്രി ഗണേഷ് കുമാറിന്റെ ഭാര്യ നൽകിയ ക്രൂരമായ ഗാർഹിക പീഡന പരാതി എത്ര സമർത്ഥമായാണ് പൂഴ്ത്തിയത്? മറ്റൊരാളിന്റെ ഭാര്യയുടെ പരാതിയായിരുന്നെങ്കിൽ തൽക്ഷണം നടപടി വന്നേനെ. പ്രത്യേകിച്ച് പരാതിക്കാരി പ്രതിപക്ഷവുമായി ബന്ധമുള്ളവരാണെങ്കിൽ പ്രതിയെ ആ സെക്കന്റിൽ അറസ്റ്റ് ചെയ്ത് റിമാൻഡിലാക്കും. ഏതോ സ്ത്രീ ഗൾഫിൽ നിന്ന് ഫോണിൽ വിളിച്ചു പറഞ്ഞതനുസരിച്ചല്ലേ ഉറങ്ങിക്കിടന്ന രാഹുൽ മാങ്കൂട്ടം എം.എൽ.എ. യെ പാതിരാത്രി പിടിച്ചുകൊണ്ടുപോയി റിമാൻഡ് ചെയ്തത്. അതുപോലെ സിനിമാ സംവിധായകൻ പി.ടി കുഞ്ഞുമുഹമ്മദിനെതിരെ ഒരു മാധ്യമ പ്രവർത്തക മാസങ്ങൾക്ക് മുമ്പ് നൽകിയ പീഡന പരാതി ഇനിയും വെളിച്ചം കണ്ടിട്ടില്ല. നടൻ മുകേഷിനും മറ്റുപലർക്കുമെതിരെ ഹേമ കമ്മറ്റി ശുപാർശ ചെയ്ത നടപടികൾ അടുത്ത സർക്കാരിന് വിട്ടു കൊടുത്തിരിക്കുകയാണ്. ഇത്രത്തോളം നീതിയില്ലാത്ത, നേരും നെറിയും കെട്ട ഒരു സർക്കാർ കേരളത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല.

7. ശബരിമലയിലെ സ്വർണ്ണം മോഷ്ടിച്ച കേസിൽ പ്രതികളാകേണ്ടവർ ഇപ്പോൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുക കൂടി ചെയ്യുന്നു. പിണറായി രക്ഷപ്പെടുത്തിയാലും സാക്ഷാൽ ഭഗവാൻ ഇവരെ രക്ഷപ്പെടുത്തുമെന്ന് കരുതേണ്ട.

8. കേരളത്തെയും ഇടതുപക്ഷത്തെയും രക്ഷിക്കാൻ തുടർഭരണം വരരുതേ എന്നാണ് സർക്കാരിന്റെ സഹയാത്രികരായ സാഹിത്യകാരന്മാർ പ്രാർത്ഥിക്കുന്നത്. മഹാഭൂരിപക്ഷം ജനങ്ങളുടെയും പ്രാർത്ഥനയാണിത്.

Download Copy

# ഡബിൾ ഹാട്ര
# വി.ഡി. സതീശനും

## പറവൂർ

യു.ഡി.എഫ് ഭരണം പിടിച്ചില്ലെങ്കിൽ രാഷ്ട്രീയ വനവാസത്തിന് പോകുമെന്ന് പ്രതിജ്ഞയെടുത്ത നേതാവാണ് വി.ഡി. സതീശൻ. പ്രതിപക്ഷ നേതാവ് എന്ന നിലയിൽ മുന്നണിയെ അധികാരത്തിലെത്തിക്കാനുള്ള ബാധ്യതയുള്ളതിനാൽ ആ പ്രതിജ്ഞയിൽ അതിശയിക്കാനൊന്നുമില്ല. പ്രതിജ്ഞ നിറവേറ്റാനായി കേരളത്തിലൊട്ടാകെ പ്രചാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിനാൽ സ്വന്തം മണ്ഡലമായ പറവൂരിൽ എത്താൻ വൈകുകയും ചെയ്തു. പറവൂരിലെ വോട്ടർമാർ അഞ്ചു വട്ടവും കൈവിടാത്ത സതീശൻ ഇക്കുറി വിജയിക്കുന്നതോടെ ഡബിൾ ഹാട്രിക് തികയ്ക്കും.

സതീശനെ നേരിടാൻ കരുത്തനായ ഒരു സ്ഥാനാർത്ഥി തന്നെ വേണമെന്ന് കരുതിയാണ് കയ്പമംഗലം എം.എൽ.എ എന്ന നിലയിൽ പേരെടുത്ത ടൈസൺ മാസ്റ്ററെ സി.പി.ഐ സ്ഥാനാർത്ഥിയാക്കിയത്. അദ്ദേഹം ജനങ്ങളുമായി വളരെ വേഗത്തിൽ ഇഴുകിച്ചേർന്നു. ബി.ജെ.പിയാകട്ടെ ഇക്കുറി വലിയ കളിയാണ് കളിച്ചത്. കോൺഗ്രസിനെ ഞെട്ടിച്ചുകൊണ്ട് അവരുടെ പ്രധാന നേതാക്കളിൽ ഒരാളെ സ്ഥാനാർത്ഥിയാക്കി. കെ.പി.സി.സി ജനറൽ സെക്രട്ടറിയും പറവൂരിലെ മുൻ മുൻസിപ്പൽ ചെയർപേഴ്സണുമായ വത്സല പ്രസന്നകുമാറാണ് സ്ഥാനാർത്ഥി. പറവൂരിലെ



ആർ.എം. പരമേശ്വരൻ

> പ്രതിപക്ഷ നേതാവ് എന്ന നിലയിൽ യു.ഡി.എഫിനെ അധികാരത്തിൽ എത്തിക്കാനുള്ള രാഷ്ട്രീയ ബാധ്യത സ്വയം ഏറ്റെടുത്ത നേതാവാണ് വി.ഡി. സതീശൻ. ഭരണം പിടിച്ചില്ലെങ്കിൽ രാഷ്ട്രീയ വനവാസത്തിന് പോകുമെന്നും അദ്ദേഹം പ്രതിജ്ഞയെടുത്തിട്ടുണ്ട്. നൂറിലേറെ സീറ്റുകളാണ് അദ്ദേഹം പ്രതീക്ഷിക്കുന്നത്. അതേസമയം പറവൂർ മണ്ഡലത്തിൽ അദ്ദേഹത്തെ പരാജയപ്പെടുത്താൻ സാമുദായിക ശക്തികൾ കൊണ്ടുപിടിച്ച പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ ആറാമത്തെ പ്രാവശ്യവും വിജയിച്ച് ഡബിൾ ഹാട്രിക് നേടുമെന്ന കാര്യത്തിൽ യു.ഡി.എഫ് നേതാക്കൾക്ക് യാതൊരു സംശയവുമില്ല



Download Copy

# ട്രിക് നേടാൻ
# രമേശ് ചെന്നിത്തലയും

## ഹരിപ്പാട്



1957-ലെ തെരഞ്ഞെടുപ്പിൽ 2088 വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ച സി.പി.ഐയിലെ എൻ. ശിവൻ പിള്ളയാണ് മണ്ഡലത്തിലെ ആദ്യത്തെ എം.എൽ.എ. ഇതുവരെ നടന്ന തെരഞ്ഞെടുപ്പുകളിൽ 11 തവണ യു.ഡി.എഫിനായിരുന്നു ജയം. എൽ.ഡി. എഫിന് വിജയിക്കാനായത് അഞ്ച് തവണ മാത്രം. മണ്ഡലത്തിലെ ഒടുവിലത്തെ ഇടത് എം.എൽ.എ പി. രാജു ആയിരുന്നു. 1996-ൽ സി.പി.ഐയിലെ പി. രാജുവിനോട് മത്സരിച്ച് പരാജയപ്പെട്ടാണ് യു.ഡി.എഫിലെ വി.ഡി. സതീശന്റെ പറവൂർ അധ്യായം ആരംഭിക്കുന്നത്. എന്നാൽ 2001-ൽ രാജുവിനെ പരാജയപ്പെടുത്തി സതീശൻ മണ്ഡലം കീഴടക്കിയത്. പിന്നീടങ്ങോട്ട് ഓരോ തവണയും ഭൂരിപക്ഷം വർദ്ധിപ്പിച്ചുകൊണ്ടാണ് സതീശൻ പറവൂരിന്റെ പ്രിയങ്കരനായത്. മണ്ഡല ചരിത്രത്തിലെ ഏറ്റവും ഉയർന്ന ഭൂരിപക്ഷത്തോടെയാണ് (21,301 വോട്ട്) 2021-ലെ വിജയം.

പറവൂർ നഗരസഭയും ചേന്ദമംഗലം, ചിറ്റാറ്റുകര, ഏഴിക്കര, കോട്ടുവള്ളി, പുത്തൻവേലിക്കര, വരാപ്പുഴ, വടക്കേക്കര പഞ്ചായത്തുകളും ഉൾപ്പെടുന്നതാണ് മണ്ഡലം. വടക്കേക്കര ഒഴികെ എല്ലായിടത്തും യു.ഡി.എഫ് ഭരണം. തദ്ദേശ തെരഞ്ഞെടുപ്പിൽ ആകെ വോട്ടുകൾ പരിശോധിച്ചാൽ പറവൂർ മണ്ഡലത്തിൽ യു.ഡി.എഫിന് 10,587 വോട്ടിന്റെ മേൽക്കൈയുണ്ട്.

ഓരോ തെരഞ്ഞെടുപ്പിലും സാമുദായിക നേതൃത്വത്തിൽ നിന്ന് അദ്ദേഹത്തിന് എതിരെ വെല്ലുവിളികൾ ഉയരാറുണ്ട്. എന്നാൽ പറവൂരിലെ ജനങ്ങൾ അതൊന്നും കാര്യമായെടുക്കാതെ സതീശനോടൊപ്പം ഉറച്ചുനിൽക്കുന്നു. ഇക്കുറിയും സാമുദായിക ശക്തികൾ എതിർപ്പുകൾ ഉയർത്തിയിട്ടുണ്ട്. പതിവുപോലെ അതെല്ലാം അതി ജീവിച്ച് മികച്ച വിജയം നേടുമെന്നാണ് യു.ഡി.എഫ് പ്രതീക്ഷിക്കുന്നത്.

പ്രചാരണത്തിന്റെ രണ്ടാം ഘട്ടത്തിലേക്ക് കടക്കുമ്പോൾ മണ്ഡലത്തിലാകെ വി.ഡി. സതീശൻ ഒരു തരംഗമായി മാറുന്ന കാഴ്ചയാണ് കാണാനാകുക. കഴിഞ്ഞ തവണത്തേക്കാൾ ഭൂരിപക്ഷത്തിൽ വൻ വർദ്ധനയും പ്രതീക്ഷിക്കുന്നു.

എൻ.എസ്.എസ് വനിതാവിഭാഗം അധ്യക്ഷ എന്ന നിലയിൽ വത്സലയ്ക്ക് സമുദായ വോട്ടുകൾ സ്വന്തമാക്കാൻ കഴിയുമെന്നാണ് ബി.ജെ.പി പ്രതീക്ഷിക്കുന്നത്. എന്നാൽ പറവൂരിലെ എൻ.എസ്.എസ് സതീശനോട് ആഭിമുഖ്യം പുലർത്തി വരുന്നതിനാൽ ആശങ്കപ്പെടാനില്ലെന്നാണ് കോൺഗ്രസിന്റെ കണക്കുകൂട്ടൽ. സതീശൻ കേരളമാകെയും പുറത്തും ഓടി നടക്കുമ്പോൾ പറവൂരിൽ കാര്യങ്ങൾ കൃത്യമാക്കാൻ ടീം യു.ഡി.എഫ് സജ്ജമാണ്.


Download Copy



# മൂന്നാമൂഴത്തിലും മുരളീധരന് മുന്നേറ്റം



കടവിള ഷാജി
എക്സിക്യൂട്ടിവ് എഡിറ്റർ



- ഇടതുമുന്നണിയുടെ എസ്.ഡി.പി.ഐ - യുമായുള്ളസഖ്യത്തിൽ മണ്ഡലമാകെ അമർഷം പുകയുന്നു.
- വട്ടിയൂർക്കാവിന്റെ വികസനനായകനായി ജനങ്ങൾ കാണുന്നത് കെ. മുരളീധരനെ മാത്രം.
- അഭിപ്രായ സർവ്വേകളിൽ വിജയം യു.ഡിഎഫിന്.



Download Copy

തിരഞ്ഞെടുപ്പ് പ്രചാരണം അവസാന ഘട്ടത്തിലേക്ക് കടക്കുമ്പോൾ വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ യു.ഡി.എഫ് തരംഗം. വോട്ടർമാരുടെ സർക്കാർ വിരുദ്ധ മനോഭാവവും സ്ഥാനാർത്ഥി കെ. മുരളീധരനോടുള്ള ആഭിമുഖ്യ വുമാണ് തരംഗമായി മാറിയത്. അതേ സമയം ഡീലുകളുടെ ബലത്തിൽ പിടിച്ചു നിൽക്കാനാകുമെന്നാണ് ഇടതുമുന്നണി പ്രത്യാശിക്കുന്നത്. ബി.ജെ.പിക്കാകട്ടെ പ്രതീക്ഷിച്ചിരുന്ന ഒരു മുന്നേറ്റം ഇനിയും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല.

രണ്ടു പ്രാവശ്യം മണ്ഡലത്തെ പ്രതിനിധീകരിച്ചിട്ടുള്ള കെ. മുരളീധരൻ വട്ടിയൂർക്കാവിന്റെ ഇതുവരെയുള്ള വികസനത്തിൽ വഹിച്ച പങ്ക് വോട്ടർമാർ ഓർക്കുന്നുണ്ട്. മുരളീധരൻ 'ടച്ച്' ഇല്ലാത്ത ഒരു വികസനവും മണ്ഡലത്തിൽ ഉണ്ടായിട്ടില്ലെന്ന് അവർ വിശ്വസിക്കുന്നു. തുടർഭരണത്തിന്റെ കഴിഞ്ഞ പത്ത് വർഷങ്ങളിൽ പദ്ധതികളുടെ മേൽ അടയിരുന്നതല്ലാതെ എടുത്തു പറയത്തക്കതായി ഒരു നേട്ടവും കൈവരിക്കാനായില്ല. തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് തൊട്ടുമുമ്പ് നടത്തിയ ഉദ്ഘാടന മഹാമഹങ്ങളിലൂടെ വോട്ടർമാരുടെ കണ്ണിൽ മണ്ണിടാനായിരുന്നു ശ്രമം. മണ്ഡലത്തിൽ കാലാകാലങ്ങളിൽ അനുവദിക്കാറുള്ള ഫണ്ടുകളുടെ വിനിയോഗത്തിൽ പോലും കൃത്യമായ സന്തുലനമോ ശ്രദ്ധയോ പാലിക്കാനും കഴിഞ്ഞിട്ടില്ല. കോടികൾ മുടക്കിയുള്ള മാധ്യമ പരസ്യങ്ങളും അതിലൂടെ സൃഷ്ടിക്കുന്ന നുണ പ്രചരണങ്ങളിലുമാണ് ഇടതുമുന്നണി വിശ്വാസമർപ്പിച്ചിട്ടുള്ളത്.

ഇതിനെല്ലാമുപരി പ്രചാരണത്തിന്റെ അവസാന ഘട്ടങ്ങളിലുണ്ടായ ചില രാഷ്ട്രീയ ഡീലുകളും ഇടതുമുന്നണിയുടെ മനം കുളിർപ്പിക്കുന്നുണ്ട്. എസ്.ഡി.പി.ഐ - യുമായുള്ള ഡീലിലൂടെ മുസ്ലിം ജനവിഭാഗങ്ങളിലേക്ക് ഇടിച്ചുകയറാൻ ശ്രമിച്ചെങ്കിലും അവരുടെ മതേതര നിലപാട് മൂലം നേട്ടമൊന്നും കൈവരിക്കാനായിട്ടില്ല. എസ്.ഡി.പി.ഐ യുമായുള്ള കൂട്ടുകെട്ട് മറ്റ് മതവിഭാഗങ്ങളിൽ കടുത്ത അമർഷത്തിനും കാരണമായിട്ടുണ്ട്. വെളുക്കാൻ തേച്ചത് പാണ്ടായിപ്പോയോ എന്നാണ് ഇടതുമുന്നണിക്കുള്ള ആശങ്ക.

അതുപോലെ ശക്തമായ ത്രികോണ മത്സരമായതിനാൽ ബി.ജെ.പിയുടെ വോട്ട് മറിക്കാനുള്ള മാർക്സിസ്റ്റ് തന്ത്രവും പാളിപ്പോകുന്ന അവസ്ഥയാണുള്ളത്. പ്രചാരണത്തിന്റെ തുടക്കത്തിൽ ബി.ജെ.പിയുമായുള്ള രഹസ്യ ബാന്ധവത്തിൽ ഇടതുമുന്നണി വലിയ പ്രത്യാശ പുലർത്തിയിരുന്നു. എന്നാലും അവസാന നിമിഷം ചില ബൂത്തുകളിലെങ്കിലും ബി.ജെ.പി വോട്ട് മറിച്ചു കൊടുക്കുമെന്നാണ് അവരുടെ പ്രത്യാശ. കാരണം കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കെ. മുരളീധരൻ നേമത്ത് സ്ഥാനാർത്ഥിയായി വന്നതു കൊണ്ടാണ് ബി.ജെ.പി തോറ്റതെന്നും അതിന്റെ വൈരാഗ്യം തീർക്കാനുള്ള അവസരം അവർ വിനിയോഗിക്കുമെന്നുമാണ് ചില ഇടതുമുന്നണി നേതാക്കളെങ്കിലും വിശ്വസിക്കുന്നത്. അതിന് പ്രത്യുപകാരമായി കഴക്കൂട്ടം മണ്ഡലത്തിൽ ചില്ലറ നീക്കുപോക്കുകൾക്ക് സി.പി.എം തയ്യാറായിട്ടുണ്ടെന്നും സൂചനയുണ്ട്. ബി.ജെ.പി പ്രതീക്ഷയർപ്പിച്ചിട്ടുള്ള ഒരു മണ്ഡലമാണ് കഴക്കൂട്ടം

ഇതുവരെയുള്ള അഭിപ്രായ സർവ്വേകളിൽ യു.ഡി.എഫിനാണ് മുൻതൂക്കം. അടുത്ത സർക്കാർ യു.ഡി.എഫിന്റേതാകുമെന്ന് വോട്ടർമാർ ഉറച്ചു വിശ്വസിക്കുന്നു. അതിനാൽ അടുത്ത മന്ത്രിസഭയിൽ സമുന്നതമായ ഒരു സ്ഥാനം കെ. മുരളീധരനുണ്ടാകുമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. അതുകൊണ്ടു തന്നെ മുരളീധരന്റെ വിജയം ഉറപ്പായിക്കഴിഞ്ഞു.

Download Copy

# ആലപ്പുഴ ജില്ലയിലാകെ അമ്പലപ്പുഴ 'ഇഫക്ട്'



പി. സുധാകരൻ



കമ്മ്യൂണിസം കൈവിട്ടവർ കമ്മ്യൂണിസ്റ്റ് ചേരിയിലും യഥാർത്ഥ കമ്മ്യൂണിസ്റ്റായ ജി. സുധാകരൻ മറുചേരിയിലും അണിനിരന്നുകൊണ്ടുള്ള നീതിവിധിപരമായ ഒരു തിരഞ്ഞെടുപ്പാണ് അമ്പലപ്പുഴ യിൽ അരങ്ങേറുന്നത്. സുധാകരൻ ഇഫക്ട് ഇപ്പോൾ അമ്പലപ്പുഴ കടന്ന് ജില്ലയിലാകെ അലയടിക്കുന്നുണ്ട്



Download Copy

63 വർഷം നീണ്ട കമ്മ്യൂണിസ്റ്റ് ബന്ധം ഉപേക്ഷിച്ച് ജി. സുധാകരൻ യു.ഡി.എഫ് പിന്തുണയുള്ള സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിക്കുമ്പോൾ അമ്പലപ്പുഴ മണ്ഡലത്തിൽ ചരിത്രം മാറുകയാണ്. രക്തസാക്ഷികളുടെ നാട്ടിൽ ജി. സുധാകരനും ഇപ്പോൾ ജീവിച്ചിരിക്കുന്ന രക്തസാക്ഷിയായി കഴിഞ്ഞു. കമ്മ്യൂണിസം കൈമോശം വന്നവർ കമ്മ്യൂണിസ്റ്റ് ചേരിയിലും യഥാർത്ഥ കമ്മ്യൂണിസ്റ്റായി തുടരുന്ന ജി. സുധാകരൻ വിരുദ്ധ ചേരിയിലും അണിനിരന്നുകൊണ്ടുള്ള അതിവിചിത്രമായ ഒരു തെരഞ്ഞെടുപ്പാണ് അമ്പലപ്പുഴയിൽ അരങ്ങേറുന്നത്. സുധാകരനെ വർഗ്ഗ വഞ്ചകനെന്ന് എൽ.ഡി.എഫ് മുദ്രകുത്തുമ്പോൾ അങ്ങനെ വിളിക്കപ്പെടാൻ ഏറ്റവും അനുയോജ്യരായവർ തങ്ങളാണെന്ന സത്യം അവർ അറിയുന്നതേയില്ല. പത്തു വർഷം മുമ്പുള്ള ഇടതുപക്ഷം ഇന്ന് വലതുപക്ഷമായി മാറിയെന്നും അന്നത്തെ വലതുപക്ഷം ഇന്നത്തെ ഇടതുപക്ഷമാണെന്നും അവർ അറിയുന്നില്ല.

എങ്കിലും പുന്നപ്ര-വയലാറിന്റെ പേരിൽ ഊറ്റം കൊള്ളാനുള്ള അട്ടിപ്പേറവകാശം ആർക്കും വിട്ടുകൊടുക്കാൻ അവർ തയ്യാറല്ല.

ജി. സുധാകരൻ പാർട്ടി വിട്ടുപോയെങ്കിലും അദ്ദേഹത്തിന്റെ ജനകീയാടിത്തറ തച്ചുടയ്ക്കാൻ പഠിച്ച പണിപതിനെട്ടും നോക്കിയെങ്കിലും ഫലമുണ്ടായിട്ടില്ല. തിരഞ്ഞെടുപ്പ് മാനേജ്മെന്റിൽ സുധാകരന്റെ തന്ത്രങ്ങൾ നന്നായറിയാവുന്ന പാർട്ടി അദ്ദേഹത്തെ നേരിടാൻ അതേ തന്ത്രങ്ങൾ തന്നെ പയറ്റുകയാണ്. മണ്ഡല രൂപീകരണത്തിന് ശേഷം നടന്ന 14 തിരഞ്ഞെടുപ്പുകളിൽ ഒൻപതിലും ജയിച്ചത് എൽ.ഡി.എഫ് ആണ്. അതിന്റെ മൊത്തം ക്രെഡിറ്റ് സുധാകരന് അവകാശപ്പെട്ടതാണ്.

എന്നാൽ 1987-ൽ ആദ്യമായി മത്സരത്തിനിറങ്ങിയ സുധാകരൻ കോൺഗ്രസ് സ്ഥാനാർത്ഥിയായ വി. ദിനകരനോട് പരാജയപ്പെട്ടു. രണ്ടു പതിറ്റാണ്ട് തികയും മുമ്പ് - അതായത് 2006-ൽ വീണ്ടും അമ്പലപ്പുഴയിൽ മത്സരത്തിനെത്തി. സിറ്റിംഗ് എം.എൽ.എ ആയിരുന്ന ഡി. സുഗതനെ പരാജയപ്പെടുത്തി മണ്ഡലം സ്വന്തമാക്കി. 2011-ലും 2016-ലും വിജയം ആവർത്തിച്ചു. രണ്ടു തവണ മന്ത്രിയായി. കർശനമായ നിലപാടുകളിലൂടെയും അഴിമതിരഹിതമായ പ്രവർത്തനങ്ങളിലൂടെയും ജനപ്രിയനായി. എന്നാൽ 2021-ൽ ടേം വ്യവസ്ഥയനുസരിച്ച് അദ്ദേഹത്തെ മാറ്റിനിർത്തി. പിൻഗാമിയായ എച്ച്. സലാം സി.പി.എം. ടിക്കറ്റിൽ മണ്ഡലം നിലനിർത്തി. ഇപ്പോൾ കോൺഗ്രസ് പിന്തുണയോടെ സ്വതന്ത്രനായി മത്സരിക്കുമ്പോൾ ജി. സുധാകരനെ നേരിടുന്നത് തന്റെ പിൻഗാമിയായ എച്ച്. സലാം തന്നെയാണ്.

യു.ഡി.എഫിനും ശക്തമായ വേരോട്ടമുള്ള മണ്ഡലം തന്നെയാണ് അമ്പലപ്പുഴ. ഇതുവരെ നാല് നിയമസഭാ തിരഞ്ഞെടുപ്പുകളിൽ യു.ഡി.എഫ് ഇവിടെ വിജയിച്ചിട്ടുണ്ട്. സുധാകരൻ സ്ഥാനാർത്ഥിയായതോടെ മണ്ഡലം വീണ്ടും യു.ഡി.എഫിന്റെ കൈപ്പിടിയിലാകാനുള്ള സാധ്യത തെളിഞ്ഞു. 2021-ൽ സലാം നേടിയ 11,125 വോട്ടിന്റെ ഭൂരിപക്ഷം മറികടക്കാൻ സുധാകരന് കഴിയും.

കഴിഞ്ഞ തവണ തദ്ദേശ സ്ഥാപനങ്ങളെല്ലാം എൽ.ഡി.എഫിനൊപ്പമായിരുന്നെങ്കിൽ ഇക്കുറി കഥ മാറി. ആലപ്പുഴ നഗരസഭയും പുറക്കാട്, പുന്നപ്ര തെക്ക് പഞ്ചായത്തുകളും, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തും യു.ഡി.എഫ് ഭരണത്തിലായി. മണ്ഡലത്തിൽ ഇടത് പക്ഷത്തിന്റെ ലീഡ് 4459 ആയി കുറഞ്ഞു. യു.ഡി.എഫ് വോട്ടുകൾക്കൊപ്പം സി.പി.എമ്മിൽ നിന്നും ബി.ജെ.പിയിൽ നിന്നും ലഭിക്കുന്ന വോട്ടുകളും നിഷ്പക്ഷ വോട്ടുകളുമായി റെക്കോർഡ് വിജയം സുനിശ്ചിതമാണെന്ന് സുധാകരനും യു.ഡി.എഫ് നേതാക്കളും പറയുന്നു. വോട്ടുകളിൽ ഒരു ധ്രുവീകരണം തന്നെ ഉണ്ടായേക്കും. ലോക്സഭാ തിരഞ്ഞെടുപ്പിൽ ശോഭാ സുരേന്ദ്രൻ മികച്ച പ്രകടനം കാഴ്ചവെച്ച സാഹചര്യത്തിൽ യുവനേതാവായ അരുൺ അനിരുദ്ധനെയാണ് എൻ.ഡി.എ കളത്തിലിറക്കിയിരിക്കുന്നത്. എന്തായാലും സുധാകരൻ ഇഫക്ട് അമ്പലപ്പുഴയും കടന്ന് ജില്ലയിലാകെ അലയടിക്കുന്നുണ്ട്.





Download Copy



ജോസഫ് സെൽവ

# അരൂരിന്റെ സ്വന്തം ഷാനിമോൾ

**അരൂർ മണ്ഡലത്തിൽ ഷാനിമോൾ ഉസ്മാൻ കോൺഗ്രസിനു വേണ്ടി വീണ്ടും വിജയക്കൊടി പാറിക്കാൻ പോകുന്നു. പടയോട്ടം അവസാന ലാപ്പിലേക്ക്.**



Download Copy

കെ.ആർ. ഗൗരിയമ്മയെ ഒമ്പത് തവണ നിയമസഭയിലെത്തിച്ച മണ്ഡലമാണ് അരൂർ. ഏഴ് പ്രാവശ്യം സി.പി.എം സ്ഥാനാർത്ഥിയായും രണ്ട് പ്രാവശ്യം ജെ.എസ്.എസ് സ്ഥാനാർത്ഥിയുമായാണ് വിജയിച്ചത്. 2006-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ സി.പി.എമ്മിലെ എ.എം. ആരിഫ് അയ്യായിരത്തിൽപ്പരം വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജെ.എസ്.എസ്സിലെ ഗൗരിയമ്മയെ തളച്ചു. തുടർന്ന് നടന്ന രണ്ട് തെരഞ്ഞെടുപ്പുകളിലും വിജയിച്ച് ആരിഫ് ഹാട്രിക് വിജയം നേടി. 2019-ൽ ആരിഫ് ലോകസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതിനു ശേഷം നടന്ന ഉപതെരഞ്ഞെടുപ്പിൽ കോൺഗ്രസിലെ ഷാനിമോൾ ഉസ്മാൻ രണ്ടായിരത്തിൽപ്പരം വോട്ടുകൾക്ക് സി.പി.എമ്മിന്റെ മനു സി. പുളിക്കലിനെ പരാജയപ്പെടുത്തി. എന്നാൽ 2021-ലെ തെരഞ്ഞെടുപ്പിൽ സി.പി.എമ്മിന്റെ ദലീമ ജോജോയോട് ഷാനിമോൾ ഉസ്മാൻ അടിയറവ് പറഞ്ഞു. ഏഴായിരത്തോളം വോട്ടിന്റെ ഭൂരിപക്ഷമാണ് ദലീമ അന്ന് നേടിയത്. 2026 ആയതോടെ ദലീമയും ഷാനിമോളും തമ്മിൽ തന്നെയാണ് വീണ്ടും ഏറ്റുമുട്ടുന്നത്. ബി.ഡി.ജെ.എസ്സിന്റെ അഡ്വക്കേറ്റ് പി.എസ്. ജ്യോതിസ്സാണ് എൻ.ഡി.എ സ്ഥാനാർത്ഥി. സംസ്ഥാനത്തൊട്ടാകെ അലയടിക്കുന്ന യു.ഡി.എഫ് തരംഗം അരൂരിലും ശക്തമാണ്.

വിജയം ഉറപ്പിച്ച ഷാനിമോൾക്ക് ഏതൊരു വിഷയത്തിലും വ്യക്തമായ ദിശാബോധമുണ്ട്.

**നിയമസഭയിലെ വനിതാ പ്രാതിനിധ്യത്തിൽ തൃപ്തയാണോ?**

സ്ത്രീകൾക്ക് മതിയായ പ്രാതിനിധ്യം വേണമെന്ന് പാർട്ടിക്കകത്തും പുറത്തും വാദിക്കുന്ന ആളാണ് ഞാൻ. ഇപ്പോഴത്തേതിനേക്കാൾ കുറച്ചുകൂടി സീറ്റുകൾ കൊടുത്ത് അവരെ ജയിപ്പിച്ച് നിയമസഭയിൽ മാതൃക കാണിക്കേണ്ട ഉത്തരവാദിത്തം കോൺഗ്രസിനുണ്ട്. എന്തായാലും ഇത്തവണ മത്സരിക്കുന്ന സീറ്റുകളിൽ വിജയിച്ച് സഭയിലെ സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കാൻ കഴിയുമെന്നാണ് വിശ്വാസം.

**അരൂരിൽ വിജയം ഉറപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ?**

101 ശതമാനം വിജയപ്രതീക്ഷയുണ്ട്. നൂറിലേറെ സീറ്റുകൾ എന്ന നേതാക്കളുടെ പ്രസ്താവന യാഥാർത്ഥ്യമാകും. അധികാരം മാറ്റം വേണമെന്ന് ജനങ്ങൾ മുമ്പ് തന്നെ തീരുമാനമെടുത്തുകഴിഞ്ഞു. ഇപ്പോൾ യു.ഡി.എഫ് തരംഗമാണവിടെ. മെയ് മാസത്തിൽ യു.ഡി.എഫ് അധികാരമേൽക്കും.

**അത് ശരിയായിരിക്കാം. പക്ഷെ അരൂരിൽ കാര്യങ്ങൾ എളുപ്പമാണോ?**

അരൂരിലെ രാഷ്ട്രീയ സ്ഥിതിഗതികൾക്ക് വലിയ മാറ്റം സംഭവിച്ചിട്ടുണ്ട്. സമീപകാല രാഷ്ട്രീയ സംഭവ വികാസങ്ങൾ നോക്കുക. ലോകസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥി കെ.സി. വേണുഗോപാലിന് അരൂർ നിയമസഭാ മണ്ഡലത്തിൽ വൻ ലീഡ് നേടാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ കഴിഞ്ഞ തദ്ദേശ തെരഞ്ഞെടുപ്പിന്റെ കണക്കെടുത്താലും അരൂരിൽ വൻ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞതായി കാണാം. എന്നാലും അരൂരിൽ നിരവധി പ്രാദേശിക പ്രശ്നങ്ങൾക്ക് ഇനിയും പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇവിടെ കുടിവെള്ളം ഇപ്പോഴും കിട്ടാക്കനിയാണ്. ഒരു പതിറ്റാണ്ടിന്റെ എൽ.ഡി.എഫ് ഭരണത്തിൽ അടിസ്ഥാന സൗകര്യ വികസനം പോലും നടന്നിട്ടില്ല. വേലിയേറ്റം വരുന്ന സമയത്ത് മിക്ക വീടുകളിലും ടോയ്‌ലറ്റും അടുക്കളയും ഒന്നായ് തീരുന്നു. ആശുപത്രികളിലാണെങ്കിൽ വേണ്ടത്ര സൗകര്യങ്ങളില്ല. അടിയന്തര ചികിത്സയ്ക്ക് ഒന്നുകിൽ ആലപ്പുഴ മെഡിക്കൽ കോളേജിലേയ്ക്ക് അല്ലെങ്കിൽ കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക്

**പ്രചാരണം എവിടെ എത്തി?**

കഠിനമായ ചൂടിലും യു.ഡി.എഫ് പ്രവർത്തകർ പ്രചാരണം ഉഷാറാക്കിയിട്ടുണ്ട്. വളരെ ചിട്ടയായ പ്രവർത്തനങ്ങളിലൂടെയാണ് യു.ഡി.എഫ് മുന്നേറുന്നത്. പരമാവധി ആളുകളെ നേരിൽ കണ്ട് വോട്ട് ചോദിക്കുകയാണ് ഞാൻ. ജനങ്ങളിൽ നിന്ന് നല്ല പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അരൂർ മണ്ഡലത്തിൽ യു.ഡി.എഫ് തരംഗം തന്നെ അലയടിക്കുന്നുണ്ട്.

**വനിത മുഖ്യമന്ത്രി വരണം എന്നാണല്ലോ രാഹുൽ ഗാന്ധി പറയുന്നത്.**

കോൺഗ്രസ്സ് ഏറ്റെടുക്കുന്ന വലിയൊരു ഉത്തരവാദിത്തമാണത്.

Download Copy

അബിൻ വർക്കിക്ക് മുന്നേറ്റം

# ആറൻമുളയിൽ ആരോഗ്യമന്ത്രി വിയർക്കുന്നു



അജിൻ പി. വർഗീസ്

ആറൻമുളയിൽ വീണാജോർജ്ജ് അല്ലാതെ മറ്റാര് എന്ന ചോദ്യവുമായി പ്രചരണം തുടങ്ങിയ എൽ.ഡി.എഫ് കുരുക്കിൽ നിന്നും കുരുക്കിലേക്ക് വീണുകൊണ്ടിരിക്കുന്നു. അബിൻ വർക്കി യു.ഡി.എഫ് സ്ഥാനാർത്ഥിയായതോടെ ഓർത്തഡോക്സ് വോട്ടിലുണ്ടായ ഭിന്നിപ്പും ഇടതിനെ ആശങ്കപ്പെടുത്തുന്നു. കുമ്മനം രാജശേഖരൻ എൻഡി.എ. സ്ഥാനാർത്ഥിയായത് ജയപരാജയം നിശ്ചയിക്കുന്ന പ്രധാന ഘടകമാണ്.



Download Copy



ആറന്മുളയിലെ തെരഞ്ഞെടുപ്പ് പ്രചാരണം ഫിനിഷിംഗ് പോയിന്റിലേക്ക് എത്തുമ്പോൾ ഹാട്രിക് വിജയം നേടാൻ കച്ചകെട്ടിയിറങ്ങിയ എൽ.ഡി.എഫ് സ്ഥാനാർത്ഥി വീണാ ജോർജ് കുരുക്കിൽ നിന്ന് കുരുക്കിലേയ്ക്ക് കുടുങ്ങിപ്പോകുന്ന കാഴ്ചയാണ് കാണാൻ കഴിയുക. സി.പി.എമ്മിലെ പടലപിണക്കങ്ങളാണ് ഇതിന് പ്രധാന കാരണം. സ്വന്തം വീട്ടിൽ നിന്നുതന്നെയാണ് ആദ്യത്തെ കുരുക്കുണ്ടായത്. അത് ഒരുവിധം അഴിച്ചുകഴിഞ്ഞപ്പോൾ 'മറ്റാരുണ്ട് എൽ.ഡി.എഫ് അല്ലാതെ' എന്ന മുദ്രാവാക്യം പോലെ 'എന്റെ വികസന നേട്ടങ്ങൾക്ക് പകരം വയ്ക്കാൻ എന്തുണ്ട്' എന്ന ചോദ്യവുമായാണ് ആരോഗ്യമന്ത്രി പ്രചാരണ രംഗത്തിറങ്ങിയത്. എന്നാൽ കാര്യത്തോടടുത്തപ്പോൾ എൽ.ഡി.എഫ് സ്ഥാനാർത്ഥി വിയർക്കുന്ന കാഴ്ചയാണ് കണ്ടത്.

ആരോഗ്യ വകുപ്പിനെ ലോക നിലവാരത്തിലേക്ക് ഉയർത്തി എന്ന് മന്ത്രിയും പാർട്ടിയും അവകാശപ്പെടുമ്പോൾ വയറ്റിൽ കുടുങ്ങിയ കത്രികയും ഇടിഞ്ഞുവീണ ആശുപത്രി കെട്ടിടവും കോന്നി മെഡിക്കൽ കോളേജിലെ സർജന്റിന്റെ നോട്ടീസും മുഖ്യമന്ത്രിയുടെ മേനി പറച്ചിലുമെല്ലാം സ്ഥാനാർത്ഥിയെ പ്രതിരോധത്തിലാക്കുന്നു.

ക്രിസ്ത്യൻ വോട്ട് നിർണ്ണായകമായ ആറന്മുള മണ്ഡലത്തിൽ ഓർത്തഡോക്സ് വോട്ടുകളാണ് കഴിഞ്ഞ രണ്ട് തെരഞ്ഞെടുപ്പുകളിലും വീണയെ രക്ഷിച്ചത്. ഇത്തവണ ഇതേ ഓർത്തഡോക്സ് വിഭാഗത്തിന്റെ വലിയൊരു ഭാഗം യു.ഡി.എഫ് സ്ഥാനാർത്ഥി അബിൻ വർക്കിക്ക് പോകുമ്പോൾ നഷ്ടം വീണയ്ക്ക് തന്നെയാണ്. ഒരു കാലത്ത് കോൺഗ്രസിന്റെ കുത്തക മണ്ഡലമായിരുന്ന ആറന്മുള വീണ്ടെടുക്കാനുള്ള ദൗത്യവുമായാണ് അബിൻ എത്തിയിട്ടുള്ളത്. ചാനൽ ചർച്ചകളിൽ കോൺഗ്രസിന്റെ നാവായിട്ടാണ് അദ്ദേഹത്തെ ജനം കണ്ടിട്ടുള്ളത്. ആറന്മുളയെ സംബന്ധിച്ചിടത്തോളം പ്രത്യാശ നൽകുന്ന സ്ഥാനാർത്ഥി തന്നെയാണ് യൂത്ത് കോൺഗ്രസിന്റെ ഈ യുവതുർക്കി

ഒരു പതിറ്റാണ്ടിന് ശേഷവും കാര്യങ്ങൾക്ക് പറയത്തക്ക പുരോഗതിയില്ലെന്ന നിരാശയുമായി യു.ഡി.എഫ് കഴിഞ്ഞുവരവെയാണ് വിവാദങ്ങളുമായി പോറ്റി മലകയറിയത്. അതോടെ യു.ഡി.എഫിന്റെ പ്രതീക്ഷകൾ പൂവിട്ടു തുടങ്ങി. തദ്ദേശ തെരഞ്ഞെടുപ്പിൽ ചുവപ്പു കോട്ടകൾ തകരുകയും കൈപ്പത്തി വിടരുകയും ചെയ്തു. തദ്ദേശ വിജയത്തിൽ കിട്ടിയ ആവേശം കെട്ടടങ്ങും മുമ്പുവന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ് അബിൻ വർക്കി എന്ന കന്നിയങ്കക്കാരനെയാണ് അവതരിപ്പിച്ചത്.

സ്വർണ്ണക്കൊള്ളയിൽ ഏറ്റ പ്രഹരം വികസനം പറഞ്ഞ് മറച്ചുപിടിക്കാനാണ് എൽ.ഡി.എഫ് ശ്രമിക്കുന്നത്. പക്ഷെ ആ ശ്രമം ഇനിയും വർക്കൗട്ടായിട്ടില്ല. വീട്ടിൽ പോയി ചോദിക്കെന്ന മുഖ്യമന്ത്രിയുടെ കോന്നി പ്രയോഗവും ചില്ലറ ക്ഷീണമുണ്ടാക്കി. സിറ്റിംഗ് എം.എൽ.എയും മന്ത്രിയുമായ വീണാ ജോർജിന്റെ സ്ഥാനാർത്ഥിത്വമാകട്ടെ പറയത്തക്ക ആത്മവിശ്വാസം പകരുന്നതുമില്ല. മാത്രമല്ല മൂന്നാം തവണയും ഭരണം പിടിക്കുക എന്നത് അണികളെ അത്രകണ്ട് ആവേശം കൊള്ളിക്കുന്ന ഘടകവുമല്ല. മന്ത്രിയുടെ മണ്ഡലമായിട്ടുകൂടി പാർട്ടി സംവിധാനം ഇനിയും ഊർജ്ജസ്വലമായിട്ടുമില്ല.

സ്വർണ്ണക്കൊള്ളയും ഭരണവിരുദ്ധ വികാരവും ആരോഗ്യ വകുപ്പിലെ സിസ്റ്റത്തിന്റെ തകരാറുമൊക്കെയാണ് യു.ഡി.എഫിന്റെ പ്രചാരണായുധങ്ങൾ. രാഹുൽ ഗാന്ധിയുടെ വരവ് യു.ഡി.എഫിൽ ഉണ്ടാക്കിയ ആവേശവും ചെറുതല്ല. ആറന്മുള ഉൾപ്പെടെ പത്തനംതിട്ട ജില്ലയിലെ അഞ്ചു മണ്ഡലങ്ങളും പിടിച്ചെടുക്കാനുള്ള പുറപ്പാടിലാണ് യുഡി.എഫ് സ്ഥാനാർത്ഥിത്വം കിട്ടാത്തവരുടെ പിണക്കം മാറ്റാൻ മുൻനിര നേതാക്കൾ തന്നെ മുൻ കൈയെടുത്തെങ്കിലും കാലുവാരൽ ഭയം നേതാക്കളെ അലട്ടുന്നുണ്ട്.

ഹൈന്ദവ സമുദായ സംഘടനകൾക്ക് സ്വീകാര്യനായ കുമ്മനം രാജശേഖരൻ എൻ.ഡി.എ സ്ഥാനാർത്ഥിയായതോടെ ജയപരാജയം പ്രവചനാതീതമാണ്. ജില്ലയിൽ ബി.ജെ.പി ഭരണത്തിലുള്ള രണ്ട് പഞ്ചായത്തുകൾ ആറന്മുള മണ്ഡലത്തിലാണ്. ജില്ലയിലെ ഏറ്റവും ശ്രദ്ധേയമായ പോരാട്ടം ആറന്മുളയിലാണ്. സാമുദായിക സമവാക്യങ്ങളിലുണ്ടാകുന്ന മാറ്റം ഇത്തവണ വിജയിയെ നിശ്ചയിക്കും.



ഡോ. തോമസ് ഐസക്കിന്റെ സഹായം

# വോട്ട് എണ്ണും മുൻപേ പിഷാരടിക്ക് ലീഡ്

സുമ കൊല്ലങ്കോട്

'കോമാളി' പരാമർശത്തിൽ ഡോ: തോമസ് ഐസക് ക്ഷമാപണം നടത്തിയതോടെ പാലക്കാട് മണ്ഡലത്തിൽ രമേഷ് പിഷാരടിയുടെ ഗ്രാഫ് കുത്തനെ ഉയർന്നു. പ്രചാരണത്തിന്റെ ആദ്യ ഘട്ടത്തിൽ കൈവന്ന ഈ സൗഭാഗ്യം പോളിംഗിന് മുൻപേ വിജയിച്ച പ്രതീതിയുണ്ടാക്കി.



Download Copy

‘കോമാളി’ പരാമർശത്തിൽ ഡോ: തോമസ് ഐസക് ക്ഷമാപണം നടത്തിയതോടെ പാലക്കാട് മണ്ഡലത്തിൽ രമേഷ് പിഷാരടിയുടെ ഗ്രാഫ് കുത്തനെ ഉയർന്നു. പ്രചാരണത്തിന്റെ ആദ്യഘട്ടത്തിൽ കൈവന്ന ഈ സൗഭാഗ്യം പോളിംഗിന് മുൻപേ വിജയിച്ച പ്രതീതിയുണ്ടാക്കി.

ബി.ജെ.പി - സി.പി.എം രഹസ്യ ധാരണയെ ചൊല്ലിയുള്ള വാഗ്വാദം പൊടിപൊടിച്ചതോടെ സംസ്ഥാനത്തിന്റെ ശ്രദ്ധയത്രയും പാലക്കാട്ടേക്ക് തിരിയുന്നു. മൂന്ന് മുന്നണികളും മികച്ച പ്രകടനവുമായി രംഗത്തുണ്ടെങ്കിലും സെലിബ്രിറ്റി എന്ന നിലയിൽ കോൺഗ്രസ് സ്ഥാനാർത്ഥി രമേഷ് പിഷാരടിയാണ് മണ്ഡലത്തിൽ നിറഞ്ഞു നിൽക്കുന്നത്. അദ്ദേഹത്തിന് വേണ്ടി വരും ദിവസങ്ങളിൽ സൂപ്പർ സ്റ്റാറുകൾ വരെ പ്രചാരണത്തിന് എത്തുമെന്നാണ് കരുതുന്നത്.

സിനിമാക്കാരനെന്ന എതിർപക്ഷത്തിന്റെ ആക്ഷേപത്തിന് കൃത്യമായ മറുപടിയുമായാണ് പിഷാരടിയുടെ മുന്നേറ്റം. വളരെ പക്വതയോടെ, രാഷ്ട്രീയ വാക്ചാതുരിയോടെ പല വിഷയങ്ങളിലും പ്രതികരിക്കുന്ന പിഷാരടിയെയാണ് രാഷ്ട്രീയ കേരളം കഴിഞ്ഞ ദിവസങ്ങളിൽ കണ്ടത്. ഡീൽ, കോമാളി വിഷയങ്ങളിൽ ഉത്തരവാദിത്വത്തോടെയുള്ള പ്രതികരണങ്ങൾ ഇതിനകം കൈയടി നേടി.

കോമാളി വേഷം കെട്ടുന്ന വരെ സ്ഥാനാർത്ഥിയാക്കിയിട്ട് എന്ത് കാര്യം എന്നാണ് സി.പി.എം നേതാവ് ഡോ: തോമസ് ഐസക് ചോദിച്ചത്. ഈ പരാമർശം കേട്ട് പലരും പിഷാരടിയെ വിളിച്ച് ഐക്യദാർഢ്യം അറിയിച്ചു. അവരോടെല്ലാം അദ്ദേഹം പറഞ്ഞത് ഇത്രമാത്രം ‘എനിക്ക് വേണ്ടി പ്രചാരണം നടത്തി നിങ്ങൾ സൈബർ ആക്രമണം നേരിടേണ്ട. എനിക്ക് വേണ്ടി പ്രചാരണം നടത്താൻ യു.ഡി.എഫ് പ്രവർത്തകരുണ്ട്. എന്നെ ജയിപ്പിക്കാൻ അവർ മതി. ഐസക്കിനോട് എനിക്ക് ബഹുമാനവും സ്നേഹവും മാത്രമേയുള്ളൂ. അദ്ദേഹത്തിനോട് ഒപ്പം നിന്ന് മറുപടി പറയാൻ ഞാനില്ല. അനാവശ്യ പരാമർശങ്ങളും നടത്തുന്നില്ല. സംസ്കാരം സമരം ചെയ്താൽ കിട്ടുന്നതല്ല. എനിക്ക് സംസ്കാരം കൂടിയുണ്ട്. കലാകാരന്മാർ എന്നാണ് സി.പി.എമ്മിന് വെറുക്കപ്പെട്ടവരായത്? ഒപ്പം നിൽക്കാത്തവർ വെറുക്കപ്പെടേണ്ടവരാണെന്ന നിലപാട് ശരിയല്ല.‘



പിഷാരടിയുടെ സഭ്യമായ മറുപടി കേട്ട് ഐസക് ഇളിഭ്യനായി എന്നതാണ് സത്യം. ഒട്ടും അമാന്തിക്കാതെ അദ്ദേഹം ക്ഷമാപണം നടത്തി. അപ്പോഴും പിഷാരടിയുടെ പ്രതികരണമാണ് ശ്രദ്ധിക്കപ്പെട്ടത് ‘ഡോ: ഐസക് ക്ഷമാപണം നടത്തേണ്ടിയിരുന്നില്ല. അദ്ദേഹത്തിന്റെ പരാമർശം എനിക്ക് യാതൊരു മനോവിഷമവും ഉണ്ടാക്കിയിട്ടില്ല.‘

അങ്ങനെ പ്രചാരണത്തിന്റെ ആദ്യഘട്ടത്തിൽ ഡോ: ഐസക്കിലൂടെ പിഷാരടി നേടിയത് വൻ വിജയമാണ്. അപ്രതീക്ഷിത ട്വിസ്റ്റുമായി എൽ.ഡി.എഫ് സ്ഥാനാർത്ഥിയും ഹോട്ടൽ വ്യവസായിയുമായ എൻ.എം.ആർ. റസാഖ് പ്രചാരണത്തിന് എത്തിയപ്പോഴാണ് പ്രതിപക്ഷ നേതാവ് ഡീൽ ആരോപണവുമായി രംഗത്ത് വന്നത്. ഇന്ന് ഡീൽ സംസ്ഥാനത്താകെ ചർച്ച ചെയ്യുന്ന ഒരു സുപ്രധാന വിഷയമാണ്. ബി.ജെ.പിയുടെ കുന്തമുനയായ ശോഭാ സുരേന്ദ്രൻ പതിവ് വായ്ത്താരികളുമായി മണ്ഡലത്തിൽ സജീവമാണ്.

ത്രികോണ മത്സരമെന്ന് പറയുമ്പോഴും 2011 മുതൽ യു.ഡി.എഫിനാണ് മണ്ഡലത്തിന്റെ പിന്തുണ. 2016 മുതൽ ബി.ജെ.പിക്കാണ് രണ്ടാം സ്ഥാനം. ഇക്കുറി ജയിച്ചു കയറുക തന്നെ ചെയ്യുമെന്നാണ് ശോഭാ സുരേന്ദ്രന്റെ വിശ്വാസം. അതിനായി വീട്ടമ്മമാർക്ക് പച്ചക്കറി വാങ്ങാൻ പ്രതിമാസം 1500 രൂപ നൽകാനായി അക്ഷയ കാർഡ് പുറത്തിറക്കുമെന്ന് ശോഭ പറയുന്നു. എൽ.ഡി.എഫ് ആകട്ടെ ഇത്തവണയും മൂന്നാം സ്ഥാനക്കാരെന്ന പഴി മാറ്റാനാണ് മത്സരിക്കുന്നത്.

ബി.ജെ.പിക്ക് മുൻതൂക്കമുള്ള പാലക്കാട് നഗരസഭയും യു.ഡി.എഫിന് മുൻതൂക്കമുള്ള പിരായിരി പഞ്ചായത്തും എൽ.ഡി.എഫിന് മുൻതൂക്കമുള്ള കണ്ണാടി, മാത്തൂർ പഞ്ചായത്തുകളുമാണ് മണ്ഡലത്തിലുള്ളത്. എങ്കിലും പിരായിരിയിലെയും പാലക്കാട്ടെയും വോട്ടുകളാണ് നിർണ്ണായകമാകുക.

2011-ൽ കോൺഗ്രസിലെ ഷാഫി പറമ്പിൽ വന്നതോടെയാണ് മണ്ഡലം യു.ഡി.എഫ് പക്ഷത്തേക്ക് ചായ്ഞ്ഞത്. മൂന്ന് തവണ ഷാഫി പറമ്പിൽ ജയിച്ചു. പിന്നീട് ഷാഫി വടകര ലോക്സഭാ മണ്ഡലത്തിൽ മത്സരിച്ച് വിജയിച്ചതോടെയാണ് 2024-ലെ ഉപതെരഞ്ഞെടുപ്പ് വന്നതും രാഹുൽ മാങ്കൂട്ടത്തിൽ വിജയിച്ചതും. മാങ്കൂട്ടവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പ്രചാരണ രംഗത്ത് ആരും ഉന്നയിക്കുന്നില്ല. ജനകീയ പ്രശ്നങ്ങൾ ഏറ്റെടുത്താണ് മൂന്ന് മുന്നണികളും മുന്നേറുന്നത്. പ്രചാരണ രംഗത്ത് ആദ്യ റൗണ്ടിൽ തന്നെ നേടിയ മുൻതൂക്കം നാൾക്കുനാൾ വർദ്ധിപ്പിച്ചു കൊണ്ടുവരാൻ പിഷാരടിക്ക് കഴിയുന്നുണ്ട്. യു.ഡി.എഫ് ഇവിടെ വൻ വിജയം നേടുമെന്ന് തന്നെയാണ് നിഷ്പക്ഷമതികൾ പോലും പറയുന്നത്.

Download Copy

രണ്ട് പതിറ്റാണ്ടുകാലം തുടർച്ചയായി സി.പി.എം സ്ഥാനാർത്ഥികളെ മാത്രം ജയിപ്പിച്ച ചരിത്രം പൊന്നാനി തിരുത്തുകയാണ്. പോരാട്ടം ഫിനിഷിംഗ് പോയിന്റിലെത്തുമ്പോൾ യു.ഡി.എഫ് സ്ഥാനാർത്ഥി കെ.പി. നൗഷാദലി വിജയം ഉറപ്പിച്ച മട്ടാണ്. പൊന്നാനിയുടെ വികസന സാധ്യതകളെക്കുറിച്ച് ഒരു സമഗ്ര പദ്ധതി തന്നെ തയ്യാറാക്കിക്കഴിഞ്ഞു നൗഷാദലി.



എ.എം. ഷാജഹാൻ

# പൊന്നാനിയെ പൊന്നു പോലെ നോക്കാൻ കെ.പി. നൗഷാദലി



Download Copy



തുറമുഖ നഗരമായ പൊന്നാനി മണ്ഡലത്തിൽ ഇക്കുറി കാറ്റ് മാറിവീശിത്തുടങ്ങി. രണ്ട് പതിറ്റാണ്ടുകാലം തുടർച്ചയായി സി.പി.എം സ്ഥാനാർത്ഥികളെ മാത്രം വിജയിപ്പിച്ച ചരിത്രം പൊന്നാനി തിരുത്തുകയാണ്. ഇഞ്ചോടിഞ്ച് മത്സരത്തിന്റെ അവസാന ഘട്ടത്തിലേക്ക് അടുക്കുമ്പോൾ യു.ഡി.എഫ് സ്ഥാനാർത്ഥിയായ കെ.പി. നൗഷാദലി ഫിനിഷിംഗ് പോയിന്റിലേക്ക് അടുത്തുകഴിഞ്ഞു. കെ.പി.സി.സി ജനറൽ സെക്രട്ടറിയായ നൗഷാദലിയുടെ വിജയം യു.ഡി.എഫ് ഉറപ്പിച്ച മട്ടാണ്

പി.എസ്.സി മുൻ ചെയർമാനും വഖഫ് ബോർഡ് ചെയർമാനുമായ അഡ്വക്കേറ്റ് എം.കെ. സക്കീറാണ് എൽ.ഡി.എഫ് സ്ഥാനാർത്ഥി. സി.പി.എം ജില്ലാ സെക്രട്ടറിയേറ്റ് അംഗം ടി.എം. സിദ്ധിഖിന് സ്ഥാനാർത്ഥിത്വം നിഷേധിച്ചതിനെ ചൊല്ലിയുള്ള പടലപിണക്കങ്ങൾ നേതൃത്വം ഇടപെട്ട് അവസാനിപ്പിച്ചെങ്കിലും അടിത്തട്ടിൽ ഭിന്നാഭിപ്രായങ്ങൾ ഇപ്പോഴും പുകയുന്നുണ്ട്.

തദ്ദേശ തെരഞ്ഞെടുപ്പിലെ വിജയമാണ് യു.ഡി.എഫിന് പ്രത്യാശയേകുന്ന പ്രധാന ഘടകം. ഒരു സീറ്റിന്റെ വ്യത്യാസത്തിൽ വെളിയങ്കോട് പഞ്ചായത്ത് നഷ്ടമായെങ്കിലും മാറഞ്ചേരി, പെരുമ്പടപ്പ്, ആലങ്കോട്, നന്നംമുക്ക് പഞ്ചായത്തുകളിലും പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിലും തിരിച്ചു വരാനായതിന്റെ പ്രത്യാശയിലാണ് യു.ഡി.എഫ്. ജില്ലയിൽ സി.പി.എമ്മിന്റെ അധീനതയിലുള്ള ഏക നഗരസഭയായ പൊന്നാനിയിലും യു.ഡി.എഫ് നില മെച്ചപ്പെടുത്തിയിട്ടുണ്ട്.

വികസനം എൽ.ഡി.എഫിന്റെ മുഖ്യ പ്രചാരണായുധമാണെങ്കിലും വികസന മുരടിപ്പിന്റെ ദൃഷ്ടാന്തങ്ങൾ നിരത്തി യു.ഡി.എഫ് അവരെ കീഴ്പ്പെടുത്തുന്നു. പൊന്നാനി അഴിമുഖം മുതൽ തൃശൂർ ജില്ലാ അതിർത്തിയായ കാപ്പിരിക്കാട് വരെയുള്ള ഭാഗത്തെ കടൽഭിത്തിയുടെ അഭാവവും കോൾ മേഖലയിലെ മാന്ദ്യവും ഉൾപ്പെടെയുള്ള വികസന മുരടിപ്പാണ് യു.ഡി.എഫ് ഉയർത്തിക്കാണിക്കുന്നത്. സി.പി.എം ആകട്ടെ എം.കെ. സക്കീർ വഖഫിന്റെയും പി.എസ്.സിയുടെയും ചെയർമാനായിരിക്കെ മികച്ച പ്രവർത്തനം കാഴ്ചവെച്ചതായി വിലയിരുത്തുന്നു. ലക്ഷക്കണക്കിന് പിൻവാതിൽ നിയമനങ്ങൾ മാത്രം നടത്തിയ ചരിത്രമുള്ള ഇടതു സർക്കാർ പി.എസ്.സിയെ വെറും നോക്കുകുത്തിയാക്കി മാറ്റിയതായി യു.ഡി.എഫ് തിരിച്ചടിക്കുന്നു. എൻ.ഡി.എ സ്ഥാനാർത്ഥിയായി ബി.ഡി.ജെ.എസ്സിലെ മനീഷ് ജനകീയവും എസ്.ഡി.പി.ഐ സ്ഥാനാർത്ഥിയായി അൻവർ പഴഞ്ഞിയും രംഗത്തുണ്ട്.

അപാര സാധ്യതകളുള്ള പൊന്നാനിയുടെ പ്രതീക്ഷകളെയും മുൻഗണനകളെയും സംബന്ധിച്ച് സമഗ്രമായ ഒരു വീക്ഷണമുള്ള സ്ഥാനാർത്ഥിയാണ് നൗഷാദലി. നൂറടിത്തോട് രാജ്യാന്തര പാതയായും, കർമ്മ റോഡ് ചമ്രവട്ടം പാലവുമായി ബന്ധിപ്പിച്ച് ടൂറിസം കേന്ദ്രമാക്കും, കോൾ കർഷകരിൽ നിന്നും സർക്കാർ സംഭരിക്കുന്ന നെല്ലിന് കൃത്യസമയം പണം ലഭ്യമാക്കും, പൊന്നാനി അങ്ങാടിയിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണാൻ അങ്ങാടിപ്പാലത്തിന്റെ വീതി കൂട്ടും, ഓലവീടില്ലാത്ത കടലോരം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കും. പൊന്നാനി കടലോരത്ത് ചെല്ലാനം മോഡൽ കടൽഭിത്തി നിർമ്മിക്കും, പുതുപൊന്നാനിയിൽ മീൻ പിടുത്ത വള്ളങ്ങൾക്കായി ലാന്റിംഗ് സെന്റർ, പൊന്നാനിയിൽ ശബരിമല ഇടത്താവളം, പൊന്നാനിയെ സാംസ്കാരിക തലസ്ഥാനമാക്കും... ഇങ്ങനെ പോകുന്നു നൗഷാദലിയുടെ വികസന സ്വപ്നങ്ങൾ.

Download Copy

**ലോകത്തെ സമ്പന്ന രാജ്യങ്ങളിലൊന്നായ ജപ്പാനിൽ 'റിട്ടയർമെന്റ്' എന്നൊന്നില്ല. ചൈനയിലാണെങ്കിൽ ഓരോരുത്തർക്കും പ്രാപ്തിയുള്ള കാലത്തോളം പണിയെടുക്കാം. ഇന്ത്യയിലാണെങ്കിലോ? അറുപത് വയസ്സാകുമ്പോൾ 'സീനിയർ സിറ്റിസൺസ്' എന്ന തടവറയിലേക്ക് തള്ളപ്പെടുന്നു. ഇവിടെ പരിചയസമ്പത്ത് എന്ന ഊർജ്ജം ഉപയോഗിക്കപ്പെടാതെ പാഴായിപ്പോകുന്നു. ആ ഊർജ്ജമാകട്ടെ ആധുനിക സമൂഹത്തിന് മൃതസഞ്ജീവനിയാകേണ്ടതുമാണ്.**



# റിട്ടയർമെന്റ് വേണ്ട

ലോകത്തെ സമ്പന്ന രാജ്യങ്ങളിലൊന്നായ ജപ്പാനിൽ ‘റിട്ടയർമെന്റ്’ എന്നൊന്നില്ല. ചൈനയിലാണെങ്കിൽ ഓരോരുത്തർക്കും പ്രാപ്തിയുള്ള കാലത്തോളം പണിയെടുക്കാം. ഇന്ത്യയിലാണെങ്കിലോ? അറുപത് വയസ്സാകുമ്പോൾ ‘സീനിയർ സിറ്റിസൺസ്’ എന്ന തടവറയിലേക്ക് തള്ളപ്പെടുന്നു. ഇവിടെ പരിചയസമ്പത്ത് എന്ന ഊർജ്ജം ഉപയോഗിക്കപ്പെടാതെ പാഴായിപ്പോകുന്നു. ആ ഊർജ്ജമാകട്ടെ ആധുനിക സമൂഹത്തിന് മൃതസഞ്ജീവനിയാകേണ്ടതുമാണ്.

വൃദ്ധൻ എന്നാൽ വൃദ്ധി (അഭിവൃദ്ധി) പ്രാപിച്ചവൻ എന്നാണർത്ഥം. അതുകൊണ്ടാണ്



Download Copy

എക്കാലത്തും എവിടെയും മുതിർന്ന പൗരന്മാർ ആദരിക്കപ്പെടുന്നത്.

19-ാം നൂറ്റാണ്ടിൽ ചൈനയിൽ ജീവിച്ചിരുന്ന തത്വചിന്തകൻ 'കാങ്ങ് യു വെയ്' (1858-1927). പറഞ്ഞത് "മുതിർന്ന ആളുകൾ ജീവിക്കുന്ന നിധികുംഭങ്ങളാണ്." എന്നാണ്

നെൽസൺ മണ്ടേല പറഞ്ഞത് "മുതിർന്നവരെ ആദരിക്കുന്നത് ജീവിതവിജയത്തിലേക്കുള്ള പാതയൊരുക്കലാണ്" എന്നാണ്.

ജർമ്മനിയിലെ ജനങ്ങൾ എന്നും ഓർമ്മയിൽ സൂക്ഷിക്കുന്ന ഒരു വാചകമുണ്ട്; "ജീവിതത്തിന്റെ രത്നകിരീടമാണ് വാർദ്ധക്യം"

"വാർദ്ധക്യത്തോടൊപ്പം അനുഭവജ്ഞാനവും നേടുന്നു" എന്ന് പറഞ്ഞത് ഭാരതം കണ്ട ശക്തയായ ഭരണാധികാരി ഇന്ദിരാഗാന്ധിയാണ്.

പ്രായം ചെന്ന ഒരാൾ മുന്നിലേക്ക് കടന്നുവന്നാൽ ഒന്ന് എഴുന്നേൽക്കുക- അല്ലെങ്കിൽ ഇരിപ്പിടത്തിൽ നിന്ന് ഒന്ന് പൊങ്ങുകയെങ്കിലും ചെയ്യുക എന്നത് നമ്മുടെ രക്തത്തിൽ അലിഞ്ഞുചേർന്ന സ്വഭാവമോ ശീലമോ ആണ്.

ഇന്ദിര പറഞ്ഞതാണ് ശരി. മുതിർന്നവർ സർവ്വഥാ ആദരിക്കപ്പെടാനുള്ള കാരണങ്ങളിൽ പ്രധാനം അവരിലെ അനുഭവജ്ഞാനം തന്നെയാണ്.

'ഓൾഡ് ഈസ് ഗോൾഡ്' എന്ന ഇംഗ്ലീഷ് പ്രയോഗം എത്ര അന്വർത്ഥം ! പ്രായം ചെന്നവരിലെ അനുഭവജ്ഞാനവും ദീർഘവീക്ഷണവും വരുംവരായ്കകൾ പെട്ടെന്ന് ഗ്രഹിക്കുവാനുള്ള കഴിവുമെല്ലാം അവർക്കുമാത്രം സ്വന്തം. അത് നാടിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കായി വിനിയോഗിക്കുക എന്നതാണ് കരണീയം.

അതിനുപകരം അവരെ 'സീനിയർ സിറ്റിസൺസ്' എന്ന മുദ്രകുത്തി മൂലക്കിരുത്തുന്നത് അവരോട് ചെയ്യുന്ന ദ്രോഹമാണ്. 'സിറ്റിസൺസി'ൽ സീനിയറും ജൂനിയറും സബ് ജൂനിയറുമൊക്കെ ആവശ്യമാണോയെന്നും ചിന്തിക്കണം. സിറ്റിസൺസിൽ എല്ലാവരും തുല്യരാണ് എന്നാണ് നമ്മുടെ ഭരണഘടന അനുശാസിക്കുന്നത്.

മുതിർന്നവർ കാലഹരണപ്പെട്ടവരാണെന്നും അവർ സമൂഹത്തിന് ബാധ്യതയാണെന്നുമുള്ള പ്രചരണം ഇന്ന് വ്യാപകമാണ്. പൊതുസമൂഹത്തിൽ ഒരു വിഭാഗം അവരെ മുഖ്യധാരയിൽ നിന്നും ഒഴിച്ചുനിർത്തണം എന്ന് വാദിക്കുന്നവരാണ്. മുതിർന്നവർ ഭരണാധികാരികളാവാനോ സംഘടനകളുടെ സാരഥികളാവാനോ പാടില്ലായെന്ന ചിന്ത വളർത്തിക്കൊണ്ടുവരാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ രാഷ്ട്രീയ-സാമൂഹ്യ രംഗങ്ങളിൽ ഇന്ന് നടക്കുന്നുണ്ട്. ഇവർ തന്നെ മുതിർന്നവരായിത്തീരുമ്പോൾ സ്വയം ചാർത്തിയ പൊയ്മുഖങ്ങൾ വലിച്ചുകീറി സൗകര്യപൂർവ്വം കളം മാറ്റി ചവിട്ടുന്നതും കാണാനാകും.


പുരാണേതിഹാസങ്ങൾപ്പോലും അനുഭവജ്ഞാനം മഹാജ്ഞാനമാണെന്ന് ചൂണ്ടിക്കാണിക്കുന്നു.

മഹാഭാരതത്തിൽ ശരശയ്യയിൽ കിടക്കുകയായിരുന്ന ഭീഷ്മപിതാമഹനെ കാണുവാനായി ധർമ്മപുത്രർ എത്തുകയാണ്. ഒപ്പം ശ്രീകൃഷ്ണ ഭഗവാനുമുണ്ടായിരുന്നു. അവർ ഭീഷ്മരെ വന്ദിച്ചു. ശ്രീകൃഷ്ണൻ തങ്ങളുടെ ആഗമനോദ്ദേശ്യം അറിയിച്ചു. "ധർമ്മപുത്രർക്ക് രാജ്യഭരണം സംബന്ധിച്ച അറിവ് പകർന്നു കൊടുക്കണം". ഇതുകേട്ട് ശ്രീകൃഷ്ണന്റെ മുഖത്തേക്ക് നോക്കി പുഞ്ചിരിച്ചുകൊണ്ട് ഭീഷ്മർ പറഞ്ഞു: "അല്ലയോ ഭഗവാൻ... അവിടുന്ന് തന്നെയല്ലേ അറിവ്. സർവ്വജ്ഞാനിയായ അവിടുന്ന് ഒപ്പമുള്ളപ്പോൾ ഈയുള്ളവൻ എന്ത് അറിവാണ് പകർന്നു നൽകേണ്ടത്...?"

അതിനു മറുപടിയായി ശ്രീകൃഷ്ണൻ പറഞ്ഞു: "അതെ... നാം അറിവാണ്. എന്നാൽ അനുഭവത്തിന്റെ അറിവ് അങ്ങാണ്. ഇപ്പോൾ യുധിഷ്ഠിരനാവശ്യം അനുഭവത്തിന്റെ അറിവാണ്.

ഇതുകേട്ട് പുഞ്ചിരിച്ചുകൊണ്ട് ഭീഷ്മർ ധർമ്മപുത്രർക്ക് രാജ്യഭരണത്തെക്കുറിച്ചുള്ള അറിവ് പകർന്നു കൊടുത്തു.

മുതിർന്നവർ എന്നാൽ അനുഭവജ്ഞാനമാണ്. അനുഭവങ്ങളിൽ നിന്നുള്ള അറിവ് അമൂല്യമാണ്. അത് സമൂഹത്തിലേക്ക് കൈമാറ്റം



**ബി.എസ് ബാലചന്ദ്രൻ**
ദേശീയ ചെയർമാൻ ബി.എസ്.എസ്

ചെയ്യപ്പെടേണ്ടതാണ്. പകരം അവരെ നിഷ്ക്രിയരും നിശബ്ദരുമാക്കി ഒതുക്കിയിരുത്തുന്ന സംസ്കാരമാണ് ഇന്ന് വളർന്നു വരുന്നത്. ഇക്കാര്യത്തിൽ ശക്തമായ ബോധവൽക്കരണം ആവശ്യമാണ്.

ഉൽപ്പാദനരംഗത്തും വിപണനരംഗത്തുമെല്ലാം ഏറെ മുന്നിൽ നിൽക്കുന്ന ജപ്പാനിലും ചൈനയിലുമെല്ലാം ഓരോരുത്തർക്കും പ്രാപ്തിയുള്ള കാലത്തോളം പണിയെടുക്കാം. നൂറു വയസ്സു കഴിഞ്ഞവർ പോലും അവിടെ അവർക്കാവുന്ന വിധമുള്ള തൊഴിലുകളിലേർപ്പെടുന്നു. നൂറു വയസ്സു കഴിഞ്ഞ ഒരാൾ ഒരു കാർപ്പെറ്റ് നിർമ്മിച്ചാൽ തന്നെ അത് രാജ്യത്തിനുവേണ്ടി നിർമ്മിക്കപ്പെടുന്ന ഒരധിക ഉൽപ്പന്നമായി കണക്കാക്കുന്നു. അവർ രാജ്യത്തിനുവേണ്ടി കൂടുതൽ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നു എന്ന ബോധം രാജ്യത്തിനുമുണ്ട്. ഒരു പൗരന് ആജീവനാന്തം പ്രവർത്തിക്കുവാൻ കഴിയുന്ന സാഹചര്യം ഈ രാജ്യങ്ങളിലുണ്ട്. അനുദിനം മുന്നോട്ടു കുതിച്ചുകൊണ്ടിരിക്കുന്ന ജപ്പാനിൽ റിട്ടയർമെന്റ് എന്നൊന്നില്ല.

മനുഷ്യന്റെ പ്രായം അറുപതുകളിലേക്ക് കടക്കുമ്പോൾ ശരിയായ അറിവും പ്രാപ്തിയും കൈവരുന്നു എന്നത് തെളിയിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. എന്നാൽ ഇവിടെ കാര്യമായ അറിവും ശരിയായ അനുഭവപരിചയവും കൈവരുമ്പോഴേക്കും 'സീനിയർ സിറ്റിസൺ' എന്ന തടവറയിലേക്ക് മാറ്റപ്പെടും. ഇവിടെ പരിചയസമ്പത്ത് എന്ന ഊർജ്ജം ഉപയോഗിക്കപ്പെടാതെ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ആ ഊർജ്ജമാകട്ടെ ആധുനിക സമൂഹം അഭിമുഖീകരിക്കുന്ന പല പ്രതിബന്ധങ്ങൾക്കും പ്രതിസന്ധികൾക്കുമുള്ള പ്രതിവിധിയാണെന്ന് അറിയാതെ പോകുന്നു. ഈ അറിവില്ലായ്മയാണ് മാറേണ്ടത്, മാറ്റേണ്ടത്.

Download Copy

# അൻവർ വരും
# ബേപ്പൂരും മാറും



മേൽപ്പാലമേറി നാം
കടലുണ്ടിയിലെത്തും

കുടിവെള്ളം വീട്ടിലെത്തിക്കും

സർക്കാർ കോളേജ് ബേപ്പൂരിലുമെത്തും

ബേപ്പൂരിൽ അന്താരാഷ്ട്ര നിലവാര
ത്തിലുള്ള മൈതാനമൊരുങ്ങും

ഡയാലിസിസിനായി മൈലുകൾ
താണ്ടാത്ത നാളുകളെത്തും

ബേപ്പൂരിന്റെ ആരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടറും
മരുന്നും മുടങ്ങാതെയെത്തും

മാറാടിന്റെ 'സ്പർശം' സ്ത്രീസ്വപ്നങ്ങൾക്ക് ചിറകു നൽകും

അടച്ചുപൂട്ടിയ വ്യവസായശാലകൾ തുറന്ന് പ്രവർത്തിക്കും

ബേപ്പൂർ തുറമുഖത്ത് മാറ്റത്തിന്റെ കപ്പലടുക്കും

ബേപ്പൂരിന്റെ ആരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടറും
മരുന്നും മുടങ്ങാതെയെത്തും

മുഴുവനായി കോൺക്രീറ്റ് ചെയ്ത ഫിഷ് ലാൻഡിംഗ്
സെന്ററിൽ ചാലിയത്ത് മീനിറങ്ങും

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം സൂക്ഷിക്കാൻ
തീരത്ത് കോൾഡ് സ്റ്റോറേജുകൾ വരും



Download Copy


ആശംസകളോടെ
INDIAN NATIONAL TRADE UNION CONGRESS
കഴക്കൂട്ടം!!!
പണ കൊഴുപ്പിനെ മറികടന്ന്
ശരത്തണ്ണൻ
ശിവകുമാർ
അരുവിക്കരയുടെ അധിപനാകും


വട്ടിയൂർ കാവിന്റെ
അനുഗ്രഹം
vote for
K. Muraleedharan
അഭിനന്ദനങ്ങളോടെ
KSEB PENSIONERS WELFARE ORGANIZATION